2024 DECEMBER
28
SATURDAY

www.societytodaynews.com
സൊസൈറ്റി ടുഡേ
SOCIETY TODAY
e-paper




# അദാനിയിൽ നിന്ന് കൊച്ചിൻ ഷിപ്പ്‌യാർഡിന് 450 കോടിയുടെ ഓർഡർ
# ഓഹരികളിൽ വൻ കുതിപ്പ്

**മുംബൈ:** ഗൗതം അദാനി നയിക്കുന്ന അദാനി ഗ്രൂപ്പിന് കീഴിലെ അദാനി പോർട്സിൽ നിന്ന് 450 കോടി രൂപയുടെ പുത്തൻ ഓർഡർ സ്വന്തമാക്കി കൊച്ചിൻ ഷിപ്പ്!യാർഡിന്റെ സമ്പൂർണ ഉപസ്ഥാപനമായ ഉഡുപ്പി കൊച്ചിൻ ഷിപ്പ്‌യാർഡ് . അത്യാധുനിക സൗകര്യങ്ങളുള്ള എട്ട് ഹാർബർ ടഗ്ഗുകൾ നിർമിക്കാനുള്ള ഓർഡറാണ് കൊച്ചി ആസ്ഥാനമായ കേന്ദ്ര പൊതുമേഖലാ സ്ഥാപനവും രാജ്യത്തെ ഏറ്റവും വലിയ കപ്പൽ നിർമാണ, അറ്റകുറ്റപ്പണിശാലയുമായ കൊച്ചിൻ ഷിപ്പ്!യാർഡിന്റെ കർണാടക മാൽപെയിൽ സ്ഥിതിചെയ്യുന്ന ഉപകമ്പനി നേടിയത്.

70 ടണ്ണിന്റെ 8 ബൊള്ളാർഡ് പുൾ പവർ എഎസ്ഡി ടഗ്ഗുകളാണിവ. ഇന്ത്യയിൽ ഹാർബർ ടഗ്ഗുകൾക്കുള്ള ഏറ്റവും വലിയ ഓർഡറാണിതെന്ന് അദാനി പോർട്സ് മാനേജി



ങ് ഡയറക്ടർ കരൺ അദാനി എക്സിൽ കുറിച്ചു.

2026 ഡിസംബർ മുതൽ ടഗ്ഗുകൾ അദാനി പോർട്സിന് കൈമാറിത്തുടങ്ങുമെന്ന് സ്റ്റോക്ക് എക്സ്ചേഞ്ചുകൾക്ക് സമർപ്പിച്ച റിപ്പോർട്ടിൽ കൊച്ചിൻ ഷിപ്പ്‌യാർഡ് വ്യക്തമാക്കി. 2028 മേയ്ക്കകം 8 ടഗ്ഗുകളും കൈമാറും. അദാനി ഗ്രൂപ്പിൽ നിന്ന് ഓർഡർ ലഭിച്ച കരുത്തിൽ കൊച്ചിൻ ഷിപ്പ്‌യാർഡിന്റെ ഓഹരികൾ ഇന്ന് 5% കുതിച്ചുകയറി അപ്പർസർക്യൂട്ടിലെത്തി. എൻഎസ്ഇയിൽ 1,539.05 രൂപയിലാണ് നിലവിൽ ഓഹരിവിലയുള്ളത്. ഇതുപ്രകാരം 40,489 കോടി രൂപയാണ് കൊച്ചിൻ ഷിപ്പ്‌യാർഡിന്റെ വിപണി മൂല്യം. അതേസമയം, അദാനി പോർട്സ് 0.92% താഴ്ന്നാണ് വ്യാപാരം അവസാനിപ്പിച്ചത്.

ഇന്ത്യയുടെ സമുദ്രമേഖലയ്ക്ക് കൂടുതൽ കരുത്തേകുക, സുരക്ഷ ഉയർത്തുക, അടിസ്ഥാനസൗകര്യം മെച്ചപ്പെടുത്തുക എന്നീ ലക്ഷ്യങ്ങളോടെയാണ് കൊച്ചിൻ ഷിപ്പ്!യാർഡുമായി കൈകോർക്കുന്നതെന്ന് അദാനി പോർട്സ് ആൻഡ് സ്പെഷൽ ഇക്കണോമിക് സോൺ ഡയറക്ടറും സിഇഒയുമായ അശ്വനി ഗുപ്ത പറഞ്ഞു. രാജ്യത്തിന്റെ പൊതുമേഖലാ സ്ഥാപനങ്ങളിലും ലോകനിലവാരം പുലർത്തുന്ന 'മെയ്ക്ക് ഇൻ ഇന്ത്യ', 'ആത്മനിർഭർ ഭാരത്' എന്നിവയുടെ കരുത്തിലും പൂർണ വിശ്വാസമർപ്പിച്ചുമാണ് സഹകരണമെന്നും അദ്ദേഹം വ്യക്തമാക്കി.

## കെഎസ്ഇബിയുടെ 90 ശതമാനം കടം സർക്കാർ ഏറ്റെടുത്തു; 494.29 കോടി രൂപ അനുവദിച്ചു

**തിരുവനന്തപുരം:** വൈദ്യുതി ബോർഡിന് സർക്കാർ 494.29 കോടി രൂപ അനുവദിച്ചു. 202324ൽ കെഎസ്ഇബിക്കുണ്ടായ നഷ്ടമായ 549.21 കോടിയുടെ 90 ശതമാനം സർക്കാർ ഏറ്റെടുക്കുകയാണ് ചെയ്തിരിക്കുന്നത്. വൈദ്യുതമേഖലാ പരിഷ്കരണത്തിനായി അധികകടമെടുപ്പിച്ച് കേന്ദ്രസർക്കാർ മുന്നോട്ടുവച്ചിരിക്കുന്ന ഉപാധി അനുസരിച്ചാണ് നടപടിയെന്ന് സർക്കാർ പുറത്തിറക്കിയ ഉത്തരവിൽ പറയുന്നു.

2022, 23ൽ കെഎസ്ഇബിയുടെ മൊത്തം നഷ്ടത്തിന്റെ 75 ശതമാനമായ 767.51 കോടി രൂപ സർക്കാർ ഏറ്റെടുത്തിരുന്നു. കേന്ദ്രത്തിന്റെ ഉപാധി അംഗീകരിച്ചാൽ സംസ്ഥാനത്തിന് മൊത്ത ആഭ്യന്തര ഉൽപാദനത്തിന്റെ അരശതമാനം അധികം കടമെടുക്കാൻ കേന്ദ്രം അനുമതി നൽകും. 202122 സാമ്പത്തികവർഷം മുതലാണ് പദ്ധതി കേന്ദ്രസർക്കാർ നടപ്പാക്കിയത്.

## കാരുണ്യ ചികിത്സാപദ്ധതി; ആശുപത്രികൾക്ക് നൽകാനുള്ളത് 408.39 കോടി രൂപ

**കൊച്ചി:** കാരുണ്യ ചികിത്സാപദ്ധതിപ്രകാരമുള്ള ചികിത്സ ലഭ്യമാക്കിയ വകയിൽ സർക്കാർസ്വകാര്യ ആശുപത്രികൾക്കും സ്വകാര്യ മെഡിക്കൽ കോളേജുകൾക്കും കുടിശ്ശികയായി നൽകാനുള്ളത് 408.39 കോടിരൂപ. 72,29,495 പേരാണ് പദ്ധതിയുടെ ആകെ ഗുണഭോക്താക്കൾ. മലപ്പുറം ജില്ലയിലാണ് ഏറ്റവുമധികം ഗുണഭോക്താക്കൾ (10.13 ലക്ഷം). ആശുപത്രികൾക്ക് നൽകാനുള്ള കുടിശ്ശികയുടെ കാര്യത്തിലും മലപ്പുറമാണ് മുന്നിൽ (93.85 കോടിരൂപ). 2020 ജൂലായ് മുതൽ 2024 ഏപ്രിൽവരെ കാരുണ്യ ചികിത്സാപദ്ധതിക്കായി സ്വകാര്യ ആശുപത്രികൾക്കും സ്വകാര്യ മെഡിക്കൽ കോളേജുകൾക്കുമായി 3362.03 കോടിരൂപ നൽകിയതായാണ് വിവരാവകാശ മറുപടി.

## മാരുതി 800ന്റെ ഉപജ്ഞാതാവ് ഒസാമു സുസുക്കി അന്തരിച്ചു



**ടോക്കിയോ:** സുസുക്കി മുൻ ചെയർമാൻ ഒസാമു സുസുക്കി (94) അന്തരിച്ചു. അർബുദ രോഗബാധിതനായിരുന്നു. ഡിസംബർ 25നാണ് മരിച്ചതെന്ന് കമ്പനി അറിയിച്ചു. 40 വർഷത്തോളം സുസുക്കി കമ്പനിയെ നയിച്ചത് ഒസാമുവായിരുന്നു. സുസുക്കിയെ ജനപ്രിയ ബ്രാൻഡാക്കി മാറ്റിയതിൽ വലിയ പങ്കുവഹിച്ച ഒസാമു 2021ലാണ് കമ്പനിയുടെ ചെയർമാൻ സ്ഥാനത്തുനിന്നു മാറിയത്.

ഒസാമുവിന്റെ കാലത്താണ് മാരുതി ചെറുകാറുകളിൽ കൂടുതൽ ശ്രദ്ധ കേന്ദ്രീകരിച്ചത്. ഇന്ത്യയുമായി സഹകരിച്ച് മാരുതി ഉദ്യോഗ് ലിമിറ്റഡ് സ്ഥാപിച്ചതും ഒസാമുവിന്റെ കാലത്താണ്.

മാരുതി 800 എന്ന ജനപ്രിയ ബ്രാൻഡിന്റെ ഉപജ്ഞാതാവും അദ്ദേഹമാണ്. ജപ്പാനിലെ ജനപ്രിയ കാറായ സുസുക്കി ഓൾട്ടോയിൽ നിന്നാണ് മാരുതി 800ന്റെ ജനനം.

1958ലാണ് ഒസാമു ഔദ്യോഗികമായി സുസുകി മോട്ടർ കോർപറേഷനിൽ ജോലിയിൽ പ്രവേശിക്കുന്നത്. ജൂനിയർ മാനേജ്മെന്റ് തസ്തികയിൽ തുടങ്ങി കമ്പനിയിലെ വിവിധ തസ്തികകളിലെ അനുഭവ സമ്പത്തുമായി 1963ൽ അദ്ദേഹം ഡയറക്ടർ സ്ഥാനത്തെത്തി. ജൂനിയർ, സീനിയർ തസ്തികകളിലേക്കുള്ള ചവിട്ടുപടികൾ കൂടി പിന്നിട്ട് 1978ൽ കമ്പനിയുടെ പ്രസിഡന്റും ചീഫ് എക്സിക്യൂട്ടിവ് ഓഫിസറുമായി. 2000ൽ അദ്ദേഹം ചെയർമാൻ സ്ഥാനം ഏറ്റെടുത്തു. മൂന്നു ദശകങ്ങളായി നേതൃസ്ഥാനത്തു തുടർന്ന അദ്ദേഹം പ്രസിഡന്റ് പദവി മകൻ തൊഷിഹിറോ സുസുകിക്കു കൈമാറിയത്.





കുസാറ്റിൽ നടക്കുന്ന ഇന്റർനാഷണൽ ഇന്ത്യൻ സ്റ്റാറ്റിസ്റ്റിക്കൽ അസോസിയേഷന്റെ (ഐഐഐഎസ്എ) അന്താരാഷ്ട്ര സമ്മേളനം ഐഐഐഎസ്എ പ്രസിഡന്റ് പ്രൊഫസർ സയോലി ബസു ഉദ്ഘാടനം ചെയ്യുന്നു. സീനിയർ പ്രൊഫസറുമായ പ്രൊഫ. പി ജി ശങ്കരൻ, സമ്മേളനത്തിന്റെ കോർഡിനേറ്റർ പ്രൊഫ എം എം സുനോജ്, സമ്മേളനത്തിന്റെ സയന്റിഫിക് പ്രോഗ്രാം കമ്മിറ്റി ചെയറായ പ്രൊഫസർ ബെർട്രാൻഡ് ക്ലാർക്ക്, ഐഐഐഎസ്എ എക്സിക്യൂട്ടീവ് ഡയറക്ടർ പ്രൊഫ. സഞ്ജയ് ചൗധരി, സ്റ്റാറ്റിസ്റ്റിക്സ് പ്രൊഫസർ ആശാ ഗോപാലകൃഷ്ണൻ, കുസാറ്റ് ഐക്യുഎസി ഡയറക്ടർ ഡോ. സാം തോമസ്, എന്നിവർ സമീപം.

# ഇന്റർനാഷണൽ ഇന്ത്യൻ സ്റ്റാറ്റിസ്റ്റിക്കൽ അസോസിയേഷൻ അന്താരാഷ്ട്ര സമ്മേളനത്തിന് തുടക്കം

**കൊച്ചി:** കൊച്ചി ശാസ്ത്ര സാങ്കേതിക സർവകലാശാല (കുസാറ്റ്) ആതിഥേയത്വം വഹിക്കുന്ന ഇന്റർനാഷണൽ ഇന്ത്യൻ സ്റ്റാറ്റിസ്റ്റിക്കൽ അസോസിയേഷന്റെ (ഐഐഐഎസ്എ) അന്താരാഷ്ട്ര സമ്മേളനത്തിന് ഐഐഐഎസ്എ പ്രസിഡന്റ് പ്രൊഫസർ സയോലി ബസു വിളക്ക് കൊളുത്തി തുടക്കം കുറിച്ചു. സെമിനാർ കോംപ്ലക്സിൽ നടന്ന ചടങ്ങിൽ മുൻ വൈസ് ചാൻസലറും സീനിയർ പ്രൊഫസറുമായ പ്രൊഫ. പി ജി ശങ്കരൻ, സമ്മേളനത്തിന്റെ സയന്റിഫിക് പ്രോഗ്രാം കമ്മിറ്റി ചെയറായ പ്രൊഫസർ ബെർട്രാൻഡ് ക്ലാർക്ക്, ഐഐഐഎസ്എ എക്സിക്യൂട്ടീവ് ഡയറക്ടർ പ്രൊഫ. സഞ്ജയ് ചൗധരി, കുസാറ്റ് ഐക്യുഎസി ഡയറക്ടർ ഡോ. സാം തോമസ്, സമ്മേളനത്തിന്റെ കോർഡിനേറ്റർ പ്രൊഫ എം എം സുനോജ്, സ്റ്റാറ്റിസ്റ്റിക്സ് പ്രൊഫസർ ആശാ ഗോപാലകൃഷ്ണൻ എന്നിവർ സംസാരിച്ചു.

2025 ഏപ്രിലിൽ വിരമിക്കുന്ന കുസാറ്റ് മുൻ വൈസ് ചാൻസലറും മുൻ പ്രോ വൈസ് ചാൻസലറും സ്റ്റാറ്റിസ്റ്റിക്സ് വിഭാഗം സീനിയർ പ്രൊഫസറുമായ പ്രൊഫ. പി ജി ശങ്കരനെ സമ്മേളനവേദിയിൽ വച്ച് ആദരിച്ചു. ലോകമെമ്പാടുമുള്ള, പ്രധാനമായും ഇന്ത്യയിലെ, വിദ്യാഭ്യാസവും ഗവേഷണവും പ്രോത്സാഹിപ്പിക്കാൻ ലക്ഷ്യമിട്ടുള്ള കോൺഫറൻസ് നാല് ദിവസങ്ങളിലായി ഒമ്പത് വേദികളിൽ നാല് പ്ലീനറി സെഷനുകൾ, ആറ് പ്രത്യേക ക്ഷണിതാക്കളുടെ പ്രസംഗങ്ങൾ, നൂറിലധികം സെഷനുകൾ എന്നിവയൊരുക്കുന്നു. പ്രബന്ധങ്ങൾക്കും പോസ്റ്ററുകൾക്കും പ്രത്യേക പുരസ്കാരങ്ങളും നൽകും. സ്റ്റാറ്റിസ്റ്റിക്സിലെ നൂതനവിഷയങ്ങളിൽ രണ്ട് കോഴ്സുകളും കോൺഫറൻസിന്റെ ഭാഗമായി നൽകും. പ്രിസിഷൻ മെഡിസിൻ, ബയേസിയൻ സ്പേഷ്യൽ സ്റ്റാറ്റിസ്റ്റിക്സ്, സ്റ്റാറ്റിസ്റ്റിക്കൽ മെഷീൻ ലേണിംഗ്, ഡീപ് ലേണിംഗ്, പൈത്തൺ പ്രോഗ്രാമിംഗ് മുതലായ വിഷയങ്ങളിലാണ് സമ്മേളനത്തിന്റെ ഊന്നൽ.

സമ്മേളനത്തിൽ ആർ.ആർ.ബഹാദൂർ സ്മാരക പ്രഭാഷണം കൽക്കട്ടയിലെ ഇന്ത്യൻ സ്റ്റാറ്റിസ്റ്റിക്കൽ ഇൻസ്റ്റിറ്റ്യൂട്ടിലെ പ്രൊഫ. പ്രൊബൽ കഹുധാരി നടത്തും. ലോസ് ഏഞ്ചൽസിലെ കാലിഫോർണിയ സർവകലാശാലയിലെ സ്കൂൾ ഓഫ് പബ്ലിക് ഹെൽത്തിലെ സുദീപ്തോ ബാനർജി, അമേരിക്കയിലെ ഗ്ലോബൽ ഡാറ്റ സയൻസ് ആൻഡ് എൽആർഎൽ ഡെവലപ്മെന്റ്, ജിബിഎസ് സെന്റേഴ്സറു എലി ലില്ലി ആൻഡ് കമ്പനിയിലെ പാണ്ഡുരംഗ് കുൽക്കർണി, മിഷിഗൺ സർവകലാശാലയിലെ സ്കൂൾ ഓഫ് പബ്ലിക് ഹെൽത്തിലെ ഭ്രമർ മുഖർജി എന്നിവർ പ്ലീനറി പ്രസംഗങ്ങൾ നടത്തും.

പെൻസിൽവാനിയ സർവകലാശാലയിലെ ഭാസ്വർ ഭട്ടാചാര്യ, നെബ്രാസ്കലിങ്കൺ സർവകലാശാലയിലെ ജെന്നിഫർ ക്ലാർക്ക്, അമേരിക്കയിലെ മൗണ്ട് സിനായ് ഹെൽത്ത് സിസ്റ്റംസിലെ മധു മജുംദാർ, ഇന്ത്യൻ സ്റ്റാറ്റിസ്റ്റിക്കൽ ഇൻസ്റ്റിറ്റ്യൂട്ടിലെ അനീഷ് സർക്കാർ, ദേബാഷിഷ് പോൾ, കാലിഫോർണിയ സർവകലാശാലയിലെ ഡേവിസ്, ജോൺസ് ഹോപ്കിൻസ് സർവകലാശാലയിലെ ദേബശ്രീ റേ എന്നീ ആറ് പ്രത്യേക ക്ഷണിതാക്കളുടെ പ്രഭാഷണവും പരിപാടിയുടെ ഭാഗമാകും.

ലോകമെമ്പാടുമുള്ള ഗവേഷകരുമായി ബന്ധപ്പെടാനും നെറ്റ്വർക്ക് ചെയ്യാനും അവസരങ്ങൾ പ്രദാനം ചെയ്യുന്ന സമ്മേളനത്തിൽ 500 ഓളം പേരാണ് പങ്കെടുക്കുന്നത്. ഇന്റർനാഷണൽ ഇന്ത്യൻ സ്റ്റാറ്റിസ്റ്റിക്കൽ അസോസിയേഷൻ അന്താരാഷ്ട്ര സമ്മേളനം ചൊവ്വാഴ്ച സമാപിക്കും.

# കെഎസ്ആർടിസി സ്റ്റാൻഡിൽ ഹൈമാസ്റ്റ് ലൈറ്റും സിസിടിവി കാമറകളും ഉടൻ സ്ഥാപിക്കും

**ആലപ്പുഴ:** കെഎസ്ആർടിസി ബസ്സ്റ്റാൻഡ് കേന്ദ്രീകരിച്ചുള്ള സാമൂഹികവിരുദ്ധപ്രവർത്തനങ്ങൾ നിയന്ത്രിക്കുന്നതിന് ജില്ലാ ഭരണകൂടത്തിന്റെയും നഗരസഭയുടെ നേതൃത്വത്തിൽ സ്വീകരിച്ച അടിയന്തര നടപടികളുടെ ഭാഗമായി രണ്ടാഴ്ചക്കകം ഹൈ മാസ്റ്റ് ലൈറ്റ് സ്ഥാപിക്കുമെന്ന് ജില്ലാ കളക്ടർ അലക്സ് വർഗീസ് പറഞ്ഞു. നേരത്തേ ജില്ലാ കളക്ടറുടെയും ജില്ലാ പൊലീസ് മേധാവിയുടെയും നഗരസഭ ചെയർപെഴ്സന്റെയും നേതൃത്വത്തിൽ സംയുക്തസംഘം നടത്തിയ മിന്നൽ പരിശോധനയിൽ കെഎസ്ആർടിസി ബസ്സ്റ്റാൻഡിന്റെ പല ഭാഗത്തും വെളിച്ചക്കുറവുള്ളതായി കണ്ടെത്തിയതിനെ തുടർന്നാണ് ഹൈമാസ്റ്റ് ലൈറ്റ് സ്ഥാപിക്കാൻ തീരുമാനിച്ചത്. നഗരസഭയാണ് ഹൈമാസ്റ്റ് ലൈറ്റ് സ്ഥാപിക്കുന്നത്. ഇതിനുള്ള ടെൻഡർ നടപടികൾ പൂർത്തീകരിച്ച് കരാർ നൽകിയതായും രണ്ടാഴ്ചക്കുള്ളിൽ തന്നെ ലൈറ്റ് സ്ഥാപിക്കുമെന്നും നഗരസഭ അധികൃതർ അറിയിച്ചു. ബസ് സ്റ്റാൻഡിലെ നിലവിലെ ഹൈ മാസ്റ്റ് ലൈറ്റിൽ നിന്ന് പ്രകാശം ലഭിക്കാത്ത ഭാഗങ്ങളിൽ കെ എസ് ആർ ടി സി അധികൃതരും അധിക ലൈറ്റുകൾ സ്ഥാപിച്ചിട്ടുണ്ട്. യാത്രക്കാരുടെ സുരക്ഷിതത്വം ഉറപ്പാക്കാൻ കെയർ ഫോർ ആലപ്പിയുടെ സാമ്പത്തിക സഹായത്തോടെ ബസ് സ്റ്റാൻഡ് പരിസരത്ത് സിസിടിവി കാമറകൾ സ്ഥാപിക്കുന്നതിനുള്ള പ്രവർത്തനങ്ങളും അന്തിമ ഘട്ടത്തിലാണ്. കെ എസ് ആർ ടി സി അധികൃതരുമായി ചർച്ച നടത്തി കാമറ സ്ഥാപിക്കേണ്ട സ്പോട്ടുകൾ തീരുമാനിച്ചു കഴിഞ്ഞു. അടുത്ത ദിവസങ്ങളിൽ തന്നെ കെഎസ്ആർടിസി പരിസരത്ത് കാമറകൾ സ്ഥാപിക്കുമെന്ന് കെയർ ഫോർ ആലപ്പി അധികൃതർ അറിയിച്ചു.

## സ്റ്റാഫ് നഴ്സ് ഒഴിവ്

**കൊച്ചി:** ജില്ലയിൽ ആരോഗ്യ കേരളത്തിനു കീഴിൽ സ്റ്റാഫ് നഴ്സ് ഒഴിവിലേക്കു നിയമനം നടത്തുന്നു. കൂടുതൽ വിവരങ്ങൾ ആരോഗ്യകേരളം വെബ് സൈറ്റിൽ ലഭ്യമാണ്.

## ടെൻഡർ ക്ഷണിച്ചു

**കൊച്ചി:** വനിതാ ശിശുവികസന വകുപ്പിന് കീഴിൽ എറണാകുളം കാക്കനാട് സിവിൽ സ്റ്റേഷനിൽ പ്രവർത്തിക്കുന്ന ജില്ലാ വനിതാ ശിശുവികസന ഓഫീസിലെ ഉപയോഗത്തിനായി ഒരുവർഷ കാലയളവിലേക്ക് വാഹനം (കാർ)വാടകയ്ക്ക് എടുക്കുന്നതിന് ടെൻഡർ ക്ഷണിച്ചു. ടെൻഡർ സ്വീകരിക്കുന്ന അവസാന തീയതി ജനുവരി 10 ന് ഉച്ചയ്ക്ക് രണ്ടു വരെ. ഫോൺ: 0484 2952949

## ഫോക് ലോർ ഫെസ്റ്റ് മാറ്റി

**കൊച്ചി:** മുൻ പ്രധാനമന്ത്രി ഡോ. മൻമോഹൻ സിംഗിന്റെ വിയോഗം മൂലം ദുഃഖാചരണം പ്രഖ്യാപിച്ച സാഹചര്യത്തിൽ ഫോക് ലോർ ഫെസ്റ്റിന്റെ ഭാഗമായി നിശ്ചയിച്ച ഇശൽ ഫെസ്റ്റും പുതുവത്സരാഘോഷവും മാറ്റി. ഇശൽ ഫെസ്റ്റ് ജനുവരി അഞ്ചിനും പുതുവത്സരാഘോഷം ജനുവരി 11, 12 തീയതികളിലും നടത്തുമെന്ന് സംഘാടക സമിതി അറിയിച്ചു. ഇശൽ ഫെസ്റ്റ് എടവനക്കാട് എ എ സെയ്ദ് മുഹമ്മദ് റോഡിലെ എസ്എൻ സംഘം ഓഡിറ്റോറിയത്തിലും പുതുവത്സരാഘോഷം കുഴുപ്പിള്ളി ബീച്ചിലും നടക്കും.

## ടെൻഡർ ക്ഷണിച്ചു

**കൊച്ചി:** പള്ളുരുത്തി ബ്ലോക്ക് പഞ്ചായത്ത് 202425 വാർഷിക പദ്ധതിയിൽ ഉൾപ്പെടുത്തി മത്സ്യതൊഴിലാളികൾക്ക് സ്പെസിഫിക്കേഷനിലുള്ള ഫൈബർ റീ ഇൻഫോഴ്സ്ഡ് കട്ടമരം നിർമ്മിച്ചു വിതരണം ചെയ്യുന്നതിന് ടെൻഡർ ക്ഷണിച്ചു. കൂടുതൽ വിവരങ്ങൾ പ്രവൃത്തി ദിവസങ്ങളിൽ രാവിലെ 10 മുതൽ വൈകിട്ട് അഞ്ചു വരെ ഫിഷറീസ് സ്റ്റേഷൻവൈപ്പിൻ ഓഫീസിൽ അറിയാം. ഫോൺ : 9037772993.

## ജില്ലാ ക്ഷീരസംഗമം റദ്ദാക്കി

**കൊച്ചി:** ജില്ലാ ക്ഷീരവികസന വകുപ്പിന്റെ നേതൃത്വത്തിൽ ഡിസംബർ 28 ന് സംഘടിപ്പിക്കാനിരുന്ന ജില്ലാ ക്ഷീരസംഗമം മുൻ പ്രധാനമന്ത്രി മൻമോഹൻ സിംഗിന്റെ നിര്യാണത്തെ തുടർന്ന് ദുഖാചരണം പ്രഖ്യാപിച്ചിരിക്കുന്നതിനാൽ റദ്ദാക്കി.

## സംസ്ഥാന ന്യൂനപക്ഷ കമ്മീഷൻ സിറ്റിംഗ് മാറ്റി

**കൊച്ചി:** മുൻ പ്രധാനമന്ത്രി മൻമോഹൻ സിംഗിന്റെ നിര്യാണത്തെ തുടർന്ന് ദുഖാചരണം പ്രഖ്യാപിച്ചിരിക്കുന്നതിനാൽ കേരള സംസ്ഥാന ന്യൂനപക്ഷ കമ്മീഷൻ ഡിസംബർ 28ന് രാവിലെ 11ന് എറണാകുളം ജില്ലാ കളക്ടറേറ്റ് കോൺഫറൻസ് ഹാളിൽ നടത്താൻ നിശ്ചയിച്ച സിറ്റിങ്ങ് മാറ്റി. പുതിയ തീയതി പിന്നീട് അറിയിക്കും.

## കള്ള് ഷാപ്പ് ലേലം

**കൊച്ചി:** എറണാകുളം ജില്ലയിലെ മട്ടാഞ്ചേരി റേഞ്ചിലെ ഗ്രൂപ്പ് നമ്പർ ഒന്ന്, ഞാറയ്ക്കൽ റേഞ്ചിലെ ഗ്രൂപ്പ് നമ്പർ ഒന്ന്, മൂന്ന്, അഞ്ച്, ആലുവ റേഞ്ചിലെ ഗ്രൂപ്പ് നമ്പർ ഒന്ന്, അഞ്ച് എന്നീ ഗ്രൂപ്പുകളിൽപ്പെട്ട കള്ള് ഷാപ്പുകളുടെ 202425, 202526 കാലയളവിലേയ്ക്കുള്ള ഓൺലൈൻ വിൽപന ഡിസംബർ 31ന് ഓൺലൈൻ പ്ലാറ്റ് ഫോമിൽ നടത്തുന്നതാണ്. അപേക്ഷകൾ ഡിസംബർ 28 മുതൽ 30 വരെ ഓൺലൈൻ പ്ലാറ്റ് ഫോമിൽ സ്വീകരിക്കും. വിൽപന സംബന്ധിച്ച് പാലിക്കേണ്ട മറ്റ് മാനദണ്ഡങ്ങളും കൂടുതൽ വിവരങ്ങളും എറണാകുളം എക്സൈസ് ഡിവിഷൻ ഓഫീസിൽ നിന്നും ജില്ലയിലെ എല്ലാ എക്സൈസ് സർക്കിൾ ഓഫീസിൽ നിന്നും അറിയാം.

## പ്രയുക്തി മെഗാ തൊഴിൽമേള ജനുവരി 4 ന്

**ആലപ്പുഴ:** ജില്ലാ എംപ്ലോയ്മെന്റ് എക്സ്ചേഞ്ചിന്റെ ഭാഗമായ എംപ്ലോയബിലിറ്റി സെന്ററും നാഷണൽ കരിയർ സർവ്വീസും സംയുക്തമായി നടത്തുന്ന തൊഴിൽ മേള "പ്രയുക്തി" 2025 പുന്നപ്ര മാർ ഗ്രിഗോറിയസ് കോളേജിൽ ജനുവരി 4 ന് ഉദ്ഘാടനം ചെയ്യും. 50 ൽ പരം സ്വകാര്യ സ്ഥാപനങ്ങൾ പങ്കെടുക്കുന്ന മേളയിൽ 2500 ഓളം ഒഴിവുകൾ ഉണ്ട്. പ്രവൃത്തിപരിചയം ഉള്ളവരെയും ഇല്ലാത്തവരെയും മേള ലക്ഷ്യമിടുന്നു. എസ്.എസ്.എൽ.സി, പ്ലസ് ടു, ഡിപ്ലോമ, ഐ.ടി.ഐ, ബിരുദം, ബിരുദാനന്തര ബിരുദം, പാരാമെഡിക്കൽ വിദ്യാഭ്യാസ യോഗ്യതയുള്ള 18,40 നും ഇടയിൽ പ്രായമുള്ളവർക്ക് മേളയിൽ പങ്കെടുക്കാം. മേളയിൽ പങ്കെടുക്കുന്നവർ എൻ സി എസ് പോർട്ടലിൽ രജിസ്റ്റർ ചെയ്ത ഐ.ഡി. കാർഡ്, 5 സെറ്റ് ബയോഡേറ്റ, അസ്സൽ സർട്ടിഫിക്കറ്റുകൾ എന്നിവയുമായി അന്നേ ദിവസം 8.30 ന് ഹാജരാകേണ്ടതാണ്. കൂടുതൽ വിവരങ്ങൾക്ക് ഫോൺ: 04772230624, 8304057735.

# ഹൃദയം തുറക്കാതെ വാൽവ് മാറ്റിവച്ച് തൃശൂർ മെഡിക്കൽ കോളേജ്

## എഴുപത്തിനാല് വയസുകാരിയെ ജീവിതത്തിലേക്ക് തിരികെയെത്തിച്ചു

**തൃശൂർ:** ഹൃദയം തുറക്കാതെ അതിനൂതന സംവിധാനത്തിലൂടെ ഹൃദയ വാൽവ് മാറ്റിവച്ച് തൃശൂർ സർക്കാർ മെഡിക്കൽ കോളേജ്. അക്കിക്കാവ് സ്വദേശിനിയായ എഴുപത്തിനാല് വയസുള്ള വീട്ടമ്മയ്ക്കാണ് വാൽവ് മാറ്റിവച്ചത്. ശസ്ത്രക്രിയയുടെ പ്രയാസങ്ങൾ ഇല്ലാതെ വാൽവ് മാറ്റിവയ്ക്കുക എന്നത് രോഗികൾക്ക് വളരെയേറെ ഗുണപ്രദമാണ്. കേരളത്തിലെ ചുരുക്കം ചില ആശുപത്രികളിൽ മാത്രം ചെയ്യാറുള്ള ഈ ചികിത്സ തൃശൂർ മെഡിക്കൽ കോളേജിൽ ആദ്യമായിട്ടാണ് നടത്തിയത്. തിരുവനന്തപുരം, കോട്ടയം, കോഴിക്കോട് മെഡിക്കൽ കോളേജുകളിൽ ഈ ചികിത്സ ലഭ്യമാണ്. വിജയകരമായ നൂതന ചികിത്സയിലൂടെ രോഗിയുടെ ജീവൻ രക്ഷിച്ച മെഡിക്കൽ കോളേജിലെ മുഴുവൻ ടീം അംഗങ്ങളേയും ആരോഗ്യ വകുപ്പ് മന്ത്രി വീണാ ജോർജ് അഭിനന്ദിച്ചു.

നടക്കുമ്പോൾ കിതപ്പ്, ശ്വാസംമുട്ടൽ, നെഞ്ചുവേദന, ഇടയ്ക്കിടെ ബോധം കെട്ടുവീഴൽ എന്നീ രോഗലക്ഷണങ്ങളോട് കൂടിയാണ് 74 വയസുകാരി മെഡിക്കൽ കോളേജ് കാർഡിയോളജി ഒപിയിൽ വന്നത്. തുടർന്ന് നടത്തിയ പരിശോധനകളിൽ ഇവരുടെ ഹൃദയത്തിന്റെ അകത്തുള്ള അയോർട്ടിക് വാൽവ് വളരെ അധികം ചുരുങ്ങിയതായി കണ്ടെത്തി. ഹൃദയം ശരീരത്തിലേക്ക് ആവശ്യമുള്ള രക്തം പമ്പ് ചെയ്യുമ്പോൾ അയോർട്ടിക് വാൽവിലൂടെ വേണം കടന്നുപോവാൻ. അതിനാൽ ആ വാൽവ് ചുരുങ്ങിയാൽ ഹൃദയത്തിന് ശരീരത്തിന്റെ എല്ലാ ഭാഗത്തേക്കും വേണ്ട വിധം രക്തം പമ്പ് ചെയ്ത് എത്തിക്കാനാവില്ല. നെഞ്ചും ഹൃദയവും തുറന്ന് ചുരുങ്ങിയ വാൽവ് മുറിച്ചു മാറ്റി കൃത്രിമ വാൽവ് ഘടിപ്പിക്കുന്ന ശസ്ത്രക്രിയയാണ് ഇതിനുള്ള പ്രധാന ചികിത്സ. ഈ രോഗിക്കും ഇപ്രകാരമുള്ള ചികിത്സ നിർദേശിച്ചെങ്കിലും പ്രായാധിക്യം, ശാരീരികാവശത എന്നിവ മൂലം അവർക്ക് അതിന് സാധിക്കുമായിരുന്നില്ല. അതിനാൽ സർജറി അല്ലാത്ത ടിഎവിആർ എന്ന ചികിത്സ രോഗിയും ബന്ധുക്കളുമായി ചർച്ച ചെയ്ത് നിശ്ചയിച്ചു.



നെഞ്ചോ, ഹൃദയമോ തുറക്കാതെ കാലിലെ രക്തകുഴലിലൂടെ കത്തീറ്റർ എന്ന ഒരു ട്യൂബ് കടത്തി, ഒരു ബലൂൺ ഉപയാഗിച്ച് ചുരുങ്ങിയ വാൽവ് വികസിപ്പിക്കുകയും തുടർന്ന് മറ്റൊരു കത്തീറ്റർ ട്യൂബിലൂടെ കൃത്രിമ വാൽവ് ഹൃദയത്തിലേക്ക് എത്തിച്ച് അവിടെ സ്ഥാപിക്കുകയും ചെയ്യുക എന്നതാണ് ടിഎവിആർ ചികിത്സ. ചികിത്സാ സമയത് രോഗിയുടെ ജീവൻ തന്നെ അപകടത്തിലാകാവുന്ന തരത്തിൽ രക്തധമനി പൊട്ടാനോ, ഹൃദയമിടിപ്പ് നിലച്ചു പോകാനോ, ഹൃദയത്തിലേക്കുള്ള രക്തധമനി അടഞ്ഞു പോകാനോ, കൃത്രിമ വാൽവ് ഇളകിപ്പോകാനോ സാധ്യതയുണ്ട്. അതിനാൽ ചികിത്സാ വേളയിൽ വളരെയധികം ശ്രദ്ധ ആവശ്യമാണ്.

ഈ രോഗിയുടെ അയോർട്ടിക് വാൽവ് ജന്മനാ വൈകല്യമുള്ളതും, കാൽസ്യം അടിഞ്ഞുകൂടി കട്ടിയുള്ളതുമായതിനാൽ ചികിത്സ കൂടുതൽ സങ്കീർണമായിരുന്നു. അപകട സാധ്യതകൾ ഒഴിവാക്കാനുള്ള എല്ലാ മുൻകരുതലുകളും എടുത്ത ശേഷം കാർഡിയോളജി വിഭാഗം മേധാവി ഡോ. കരുണദാസ്, കാർഡിയോളജിയിലെ ഡോക്ടർമാരായ ആന്റണി പാത്താടൻ, ബിജിലേഷ്, ഹരികൃഷ്ണ, നിതിൻ, എന്നിവരും അനസ്തേഷ്യ വിഭാഗം ഡോക്ടർമാരായ അമ്മിണികുട്ടി, അരുൺ വർഗീസ്, ആതിര, ശ്രീലക്ഷ്മി എന്നിവരും ചേർന്ന് ഈ ചികിത്സ മൂന്നു മണിക്കൂറോളം നേരമെടുത്ത് വിജയകരമായി പൂർത്തിയാക്കി.


ഡോ. ഷഫീക്ക് മട്ടുമ്മലും ചികിത്സയെ സഹായിച്ചു. കാത്ത് ലാബ് ടെക്നീഷ്യന്മാരായ അൻസിയ, അമൃത, നഴ്സുമാരായ ബീന പൗലോസ്, രജനി, മീത്തു എന്നിവരും ഇതിൽ പങ്കെടുത്തു. വേണ്ടി വന്നാൽ ഉടനടി ശസ്ത്രക്രിയ ചെയ്യാൻ ഹൃദയ ശസ്ത്രക്രിയ വിഭാഗത്തിലെ ഡോ. അഷ്റഫ് തയ്യാറായി കൂടെ നിന്നു. ചികിത്സയ്ക്ക് ശേഷം നടത്തിയ പരിശോധനകളിൽ വാൽവ് വളരെ നന്നായി പ്രവർത്തിക്കുന്നതായി കണ്ടെത്തി. രോഗി സുഖം പ്രാപിച്ചു വരുന്നു.

# സ്കൂൾ ആരോഗ്യ പരിശോധനയിലൂടെ 14 കാരിയ്ക്ക് പുതുജീവിതം

**തിരുവനന്തപുരം:** സാക്രൽ എജെനെസിസ് കാരണം അറിയാതെ മലവും മൂത്രവും പോകുന്നതുമൂലം ഏറെ ബുദ്ധിമുട്ടിയിരുന്ന 14 വയസുകാരിയ്ക്ക് ഇപ്പോൾ ആ ബുദ്ധിമുട്ടുകളില്ലാതെ ധൈര്യമായി സ്കൂളിൽ പോകാം. ആരോഗ്യ വകുപ്പിന്റെ കൃത്യമായ ഇടപെടലിലൂടെ ആ പെൺകുട്ടി സാധാരണ ജീവിതത്തിലേക്കും സ്കൂളിലേക്കും എത്തിയിരിക്കുകയാണ്. ഫീൽഡുതല സന്ദർശനത്തിന്റെ ഭാഗമായി ആരോഗ്യ വകുപ്പിലെ ഉന്നതതല സംഘം വീട്ടിനടുത്തുള്ള ആരോഗ്യ കേന്ദ്രത്തിലെത്തി കുട്ടിയെ നേരിൽ കണ്ട് സംസാരിച്ചു. ആരോഗ്യ വകുപ്പ് മന്ത്രി വീണാ ജോർജ് വീഡിയോ കോൾ വഴി കുട്ടിയുമായും ടീം അംഗങ്ങളുമായും സംസാരിച്ചു. കുട്ടിയെ സാധാരണ ജീവിതത്തിലേക്ക് എത്തിച്ച മുഴുവൻ ടീം അംഗങ്ങളേയും മന്ത്രി അഭിനന്ദിച്ചു.

സ്കൂൾ ആരോഗ്യ പരിശോധനയ്ക്കായി എത്തിയ ആരോഗ്യ കേരളം നഴ്സ് ലീനാ തോമസിന്റെ ഇടപെടലാണ് കുട്ടിയുടെ ജീവിതത്തിൽ വഴിത്തിരിവായത്. കുട്ടിയുടെ ക്ലബ് ഫൂട്ടിനെ കുറിച്ചും ചികിത്സയെക്കുറിച്ചും സംസാരിച്ച് പിരിയുമ്പോൾ പെട്ടെന്നാണ്





കുട്ടി ഡയപ്പർ ധരിച്ചിരിക്കുന്നത് ശ്രദ്ധിച്ചത്. കൂടുതൽ അന്വേഷിച്ചപ്പോഴാണ് തന്റെ ജന്മനായുള്ള അസുഖത്തെ കുറിച്ച് നഴ്സിനോട് പറയുന്നത്. അറിയാതെ മലവും മൂത്രവും പോകുന്നതുമൂലം ദിവസവും 5 മുതൽ 6 വരെ ഡയപ്പർ ധരിച്ചാണ് ഓരോ ദിവസവും തള്ളിനീക്കിയിരുന്നത്. ഇതുമൂലം വലിയ ബുദ്ധിമുട്ടുണ്ടായിരുന്നു.

നട്ടെല്ലിന്റെ താഴ് ഭാഗത്തെ എല്ല് പൂർണമായി വളരാത്തതുമൂലം ആ ഭാഗത്തെ നാഡികൾ വളർച്ച പ്രാപിക്കാതെ അവ തൊലിയോട് ഒട്ടിച്ചേർന്നിരിക്കുന്ന ഒരു അപൂർവ്വ അവസ്ഥയാണ് ഈ രോഗം. അഞ്ച് വയസുള്ളപ്പോൾ മാതാപിതാക്കൾ കോട്ടയത്തെ പ്രമുഖ സ്വകാര്യ ആശുപത്രിയിൽ കാണിച്ചിരുന്നെങ്കിലും ശസ്ത്രക്രിയ സങ്കീർണമായതിനാൽ ജന്മനായുള്ള ഈ അസുഖത്തിന് പരിഹാരമില്ലെന്ന് കണ്ട് ചികിത്സ ഉപേക്ഷിക്കുകയായിരുന്നു. പ്രശ്നം ശ്രദ്ധയിൽപ്പെട്ടപ്പോൾ തന്നെ നഴ്സ് ലീനാ തോമസ് ജില്ലാ ആർ.ബി.എസ്.കെ. കോഓർഡിനേറ്റർക്ക് സ്ക്രീനിംഗ് റിപ്പോർട്ട് നൽകി. അതിന്റെ അടിസ്ഥാനത്തിൽ ആരോഗ്യകേരളം ജില്ലാ പ്രോഗ്രാം മാനേജർ സർക്കാരിന്റെ വിവിധ പദ്ധതികൾ ഏകോപിപ്പിച്ച് കോട്ടയം മെഡിക്കൽ കോളേജിൽ സൗജന്യ വിദഗ്ധ ചികിത്സ ഉറപ്പാക്കുകയായിരുന്നു. സ്വകാര്യ ആശുപത്രികളിൽ അതിസങ്കീർണമായ ഈ ശസ്ത്രക്രിയക്ക് കുറഞ്ഞത് 5 ലക്ഷം രൂപയെങ്കിലും ചെലവ് വരും. നട്ടെല്ലിനോട് ചേർന്നുള്ള ഭാഗത്തെ ശാസ്ത്രക്രിയായതിനാൽ പരാജയപ്പെട്ടാൽ ശരീരം പൂർണമായിത്തന്നെ തളർന്നുപോകാനും മലമൂത്ര വിസർജനം അറിയാൻ പറ്റാത്ത അവസ്ഥിലാകാനും സാധ്യതയുണ്ട്. അതിസങ്കീർണമായ ഈ ശസ്ത്രക്രിയയാണ് കോട്ടയം മെഡിക്കൽ കോളേജ് ന്യൂറോ സർജറി വിഭാഗം വിജയകരമാക്കിയത്. ആർ.ബി.എസ്.കെ. നഴ്സ് ലീനാ തോമസ്, ആർ.ബി.എസ്.കെ. കോഓർഡിനേറ്റർ ഷേർളി സെബാസ്റ്റ്യൻ, ആശാ പ്രവർത്തക ഗീതാമ്മ, ഡി.ഇ.ഐ.സി. മാനേജർ അരുൺകുമാർ, ജില്ലാ പ്രോഗ്രാം മാനേജർ ഡോ. വ്യാസ്, കോട്ടയം മെഡിക്കൽ കോളേജിലെ ടീം തുടങ്ങിയവരാണ് കുട്ടിയെ ജീവിതത്തിലേക്ക് തിരികെയെത്തിച്ചതിന് പിന്നിൽ.

# പ്രോഗ്രാം മാറ്റിവെച്ചു

**കൊച്ചി :** ഇന്ത്യൻ സമ്പദ്ഘടനയെ ശക്തമാക്കിയ ക്രാന്ത ദർശിയായ മുൻ പ്രധാനമന്ത്രി ഡോ. മൻമോഹൻ സിംഗിന്റെ നിര്യാണത്തിൽ ഇന്ദിരാഗാന്ധി സഹകരണ ആശുപത്രി മാനേജ്മെന്റ് അഗാധമായ ദു:ഖം രേഖപ്പെടുത്തുകയും, ആദരാഞ്ജലികൾ അർപ്പിക്കുകയും ചെയ്യുന്നു. അദ്ദേഹത്തോടുള്ള ആദര സൂചകമായി ഡിസംബർ 28 ശനിയാഴ്ച പ്രതിപക്ഷ നേതാവ് ശ്രീ. വി.ഡി. സതീശൻ പങ്കെടുക്കുന്ന N-ABH Certificate Award Unveiling Ceremony മറ്റൊരു ദിവസത്തേയ്ക്ക് മാറ്റിവെച്ചതായി അറിയിക്കുന്നു.

അജയ് തറയിൽ
സെക്രട്ടറി

# എം.ഫാം: സ്പോട്ട് അലോട്ട്മെന്റ്

**തിരുവനന്തപുരം:** 202425 അധ്യയന വർഷത്തെ എം.ഫാം കോഴ്സിൽ തിരുവനന്തപുരം ഗവ. മെഡിക്കൽ കോളജിൽ ഒഴിവുള്ള ഒരു സീറ്റിലേക്കുള്ള സ്പോട്ട് അലോട്ട്മെന്റ് ഡിസംബർ 28ന് രാവിലെ 11ന് തിരുവനന്തപുരം ഗവ. മെഡിക്കൽ കോളജിലും കണ്ണൂർ ഗവ. മെഡിക്കൽ കോളജിൽ ഒഴിവുള്ള മൂന്ന് സീറ്റിലേക്കുള്ള സ്പോട്ട് അലോട്ട്മെന്റ് ഡിസംബർ 30ന് രാവിലെ 11ന് കണ്ണൂർ ഗവ. മെഡിക്കൽ കോളജിലും നടക്കും. കേരള പ്രവേശന പരീക്ഷാകമ്മീഷണർ പ്രസിദ്ധീകരിച്ചിട്ടുള്ള എം.ഫാം പ്രവേശനത്തിനുള്ള റാങ്ക് പട്ടികയിൽ നിന്നുമാണ് അലോട്ട്മെന്റ് നടത്തുന്നത്. യോഗ്യത തെളിയിക്കുന്നതിന് ആവശ്യമായ അസൽ രേഖകൾ, അസൽ ട്രാൻസ്ഫർ സർട്ടിഫിക്കറ്റ്, മറ്റ് അനുബന്ധ രേഖകൾ എന്നിവ ഹാജരാക്കുന്ന വിദ്യാർഥികളെ പരിഗണിക്കും. അലോട്ട്മെന്റ് ലഭിക്കുന്ന വിദ്യാർഥികൾ അന്നേ ദിവസം ഫീസടച്ച് രേഖകൾ സമർപ്പിച്ച് പ്രവേശനം നേടണം. കൂടുതൽ വിവരങ്ങൾക്ക്: www.dme.kerala.gov.in.

# ഭിന്നശേഷിക്കാർ രജിസ്ട്രേഷൻ പുതുക്കണം

**തിരുവനന്തപുരം:** വിവിധ കാരണങ്ങളാൽ എംപ്ലോയ്മെന്റ് എക്സ്ചേഞ്ചിൽ രജിസ്ട്രേഷൻ പുതുക്കാതെയും വിടുതൽ സർട്ടിഫിക്കറ്റ് യഥാസമയം (90 ദിവസത്തിനകം) രജിസ്റ്റർ ചെയ്യാതെയും സീനിയോറിറ്റി നഷ്ടപ്പെട്ട ഡിസംബർ 31ന് അൻപത് വയസ് പൂർത്തിയാകാത്ത ഭിന്നശേഷിക്കാരായ ഉദ്യോഗാർഥികൾക്ക് അവരുടെ തനത് സീനിയോറിറ്റി നിലനിർത്തിക്കൊണ്ട് രജിസ്ട്രേഷൻ പുതുക്കുന്നതിന് മാർച്ച് 18 വരെ അവസരമുണ്ട്. ഭിന്നശേഷിക്കാരായ ഉദ്യോഗാർഥികൾ നേരിട്ടോ / ദൂതൻ മുഖേനയോ അസൽ സർട്ടിഫിക്കറ്റിനോടൊപ്പം രജിസ്ട്രേഷൻ കാർഡുമായി ഹാജരായി രജിസ്ട്രേഷൻ പുതുക്കണം.

# ടെക്നിക്കൽ ട്രെയിനർ എംപാനൽമെന്റ്

**തിരുവനന്തപുരം:** അസാപ് കേരളയിൽ ടെക്നിക്കൽ ട്രെയിനർ എംപാനൽമെന്റിനായി അപേക്ഷ ക്ഷണിച്ചു. ഐടി, ഇലക്ട്രോണിക്സ്, ലോജിസ്റ്റിക്സ്, ഓട്ടോമോട്ടീവ് മേഖലകളിലേക്കാണ് ടെക്നിക്കൽ ട്രെയിനർമാരെ ആവശ്യമുള്ളത്. മണിക്കൂറിന് 500 രൂപമുതൽ 1500 രൂപവരെയാണ് വേതനം. ഒഴിവുകൾ, യോഗ്യത എന്നിവ സംബന്ധിച്ച കൂടുതൽ വിവരങ്ങൾക്കും അപേക്ഷ സമർപ്പിക്കുന്നതിനും www.asapkerala.gov.in/careers/ സന്ദർശിക്കുക. ഡിസംബർ 31 ന് വൈകിട്ട് 5 മണിക്ക് മുൻപായി ഓൺലൈനായി അപേക്ഷ സമർപ്പിക്കണം.

# സമഗ്ര കന്നുകാലി ഇൻഷുറൻസ്: അപേക്ഷ നൽകാം

**കോട്ടയം:** ജില്ലാ പഞ്ചായത്തിന്റെയും കാണക്കാരി, മാഞ്ഞൂർ, കുറവിലങ്ങാട് ഗ്രാമപഞ്ചായത്തുകളുടെയും സാമ്പത്തിക സഹായത്തോടെ മാഞ്ഞൂർ ക്ഷീരവികസന യൂണിറ്റിന്റെ പരിധിയിൽ വരുന്ന ക്ഷീരകർഷകർക്കായി നടപ്പാക്കുന്ന സമഗ്ര കന്നുകാലി ഇൻഷുറൻസ് പദ്ധതിക്ക് അപേക്ഷ ക്ഷണിച്ചു.

കാണക്കാരി, മാഞ്ഞൂർ, കുറവിലങ്ങാട് ഗ്രാമപഞ്ചായത്തുകളിലെ ഗുണഭോക്തൃ പട്ടികയിൽ ഉൾപ്പെട്ട ക്ഷീരകർഷകർക്ക് 2024 ഏപ്രിൽ മൂന്നിനു ശേഷം കന്നുകാലികളെ ഇൻഷുർ ചെയ്തിട്ടുള്ള ധനസഹായം നൽകുന്നതാണ് പദ്ധതി.

ഇൻഷുറൻസ് കമ്പനിക്ക് പണം അടച്ച രസീത്, കന്നുകാലി ഇൻഷുറൻസിന്റെ പകർപ്പ്, ഗുണഭോക്താവിന്റെ ആധാർ കാർഡ്, റേഷൻ കാർഡ്, ബാങ്ക് പാസ് ബുക്ക് എന്നിവയുടെ പകർപ്പുകൾ അപേക്ഷയോടൊപ്പം നൽകണം. വിശദവിവരത്തിന് ഫോൺ: 04829243878.



# അഷ്ടമുടി കായലിന്റെ വിനോദ സഞ്ചാര വികസനത്തിന് 59.71 കോടിയുടെ പദ്ധതി

**കൊല്ലം:** അഷ്ടമുടി കായലിന്റെയും അനുബന്ധ പ്രദേശങ്ങളിലെയും വിനോദസഞ്ചാര വികസനത്തിനായി 59.71 കോടി രൂപയുടെ പദ്ധതിയ്ക്ക് കേന്ദ്ര ടൂറിസം വകുപ്പ് അനുമതി നൽകിയതായി കേന്ദ്ര സഹ മന്ത്രി സുരേഷ് ഗോപി എൻ. കെ. പ്രേമചന്ദ്രൻ എംപിയെ അറിയിച്ചു.

ബയോ ഡൈവേഴ്സിസിറ്റി ആൻഡ് എക്കോറിക്രിയേഷൻ ക്ലബിന് സംസ്ഥാനങ്ങളുടെ മൂലധനം നിക്ഷേപത്തിനുള്ള പ്രത്യേക ധനസഹായത്തിൽ ഉൾപ്പെടുത്തിയാണ് തുക അനുവദിച്ചത്.

കൊല്ലം മറീന 6.01 കോടി, പുനർജനി കോംപ്ലക്സ് 5.19 കോടി, ഫ്ളോട്ടിംഗ് റസ്റ്ററന്റ് 5.40 കോടി, ബയോഡൈവേഴ്സിറ്റി ഹെറിറ്റേജ് ട്രയൽ 7.08 കോടി, അഡ്വഞ്ചർ പാർക്ക് 9.60 കോടി, ചിൽഡ്രൻസ് പാർക്ക് 11.31 കോടി, അഷ്ടമുടി ലേക്ക് വാക്ക് വേ 6.01 കോടി എന്നിങ്ങനെയാണ് വകയിരുത്തിയത്. ജിഎസ്ടിക്കായി 9.11 കോടിഅധികമായി വകയിരുത്തി. പദ്ധതിയുടെ നിർവഹണ ചുമതല സംസ്ഥാന സർക്കാരിനാണ്.

കേന്ദ്ര സർക്കാർ നിബന്ധന പ്രകാരമാണ് പദ്ധതി നടപ്പാക്കേണ്ടത്. പദ്ധതിയ്ക്കായി സംസ്ഥാന സർക്കാർ ഭൂമി കണ്ടെത്തി നൽകണം. സ്വകാര്യ വ്യക്തികളുടെ ഭൂമിയിൽ ഒരു തുക ചെലവഴിക്കാനാകില്ല. പദ്ധതിയ്ക്കാവശ്യമായ വിവിധ ഏജൻസികളുടെ അനുമതി സംസ്ഥാന സർക്കാർ നേടണം. രണ്ട് വർഷത്തിനുള്ളിൽ പദ്ധതി പൂർത്തിയാക്കണം.

2026 മാർച്ച് 31 വരെ മാത്രമേ പദ്ധതിയ്ക്കാവശ്യമായ തുക കേന്ദ്ര സർക്കാർ അനുവദിക്കുകയുള്ളു. പദ്ധതിയുടെ സമയബന്ധിതമായ നടത്തിപ്പിനായും നിരീക്ഷണത്തിനായും സംസ്ഥാന സർക്കാർ പ്രത്യേക സംവിധാനം ഏർപ്പെടുത്തണം.പദ്ധതിയുടെ നടത്തിപ്പിനായി എസ്എഎസ് സിഐ പ്രത്യേക നിരീക്ഷണ സംവിധാനം ഏർപ്പെടുത്താനായി കേന്ദ്ര സർക്കാർ ഉത്തരവ് പുറപ്പെടുവിച്ചിട്ടുണ്ട്.

# മാർ അത്തനേഷ്യസ് അഖിലേന്ത്യാ ഇന്റർ സ്കൂൾ ഇൻവിറ്റേഷൻ ഫുട്ബോൾ ടൂർണ്ണമെന്റ് 2025




**ആലുവ:** മാർ അത്തനേഷ്യസ് ട്രോഫിക്കു വേണ്ടിയുള്ള 22മത് അഖിലേന്ത്യാ ഇന്റർ സ്കൂൾ ഇൻവിറ്റേഷൻ ഫുട്ബോൾ ടൂർണ്ണമെന്റ് 2025 ജനുവരി 5 ന് ഞായറാഴ്ച വൈകിട്ട് 4 മണിക്ക് ആലുവ മുനിസിപ്പൽ സ്റ്റേഡിയത്തിൽ ആരംഭിക്കുകയാണ്. കേരളത്തിലും പുറത്തുമുള്ള മികച്ച 16 സ്കൂൾ ടീമുകൾ മാറ്റുരക്കുന്ന ടൂർണ്ണമെന്റിന്റെ ഉൽഘാടനം നിർവ്വഹിക്കുന്നത് ഭാരതത്തിന്റെ അത്ലറ്റിക് പ്രതിഭയും, ദ്രോണാചാര്യ പുരസ്കാര ജേതാവുമായ ഒളിമ്പ്യൻ ജിൻസി ഫിലിപ് ആണ്. ആലുവ എം എൽ എ ശ്രീ അൻവർ സാദത്ത് അദ്ധ്യക്ഷം വഹിക്കുന്ന ചടങ്ങിൽ അനുഗ്രഹ പ്രഭാഷണം നടത്തുന്നത് മലങ്കര യാക്കോബായ സഭയുടെ നിയുക്ത കാതോലിക്കയും സംഘാടക സമിതിയുടെ മുഖ്യ രക്ഷാധികാരിയുമായ അഭിവന്ദ്യ ജോസഫ് മോർ ഗ്രിഗോറിയോസ് മെത്രാപ്പോലീത്തയാണ്. സംഘാടക സമിതി ചെയർമാൻ കൂടിയായ ആലുവ നഗരസഭാദ്ധ്യക്ഷൻ ശ്രീ എം ഒ ജോൺ ടൂർണ്ണമെന്റ് പതാക ഉയർത്തും. അഭിവന്ദ്യ ഡോ മാത്യൂസ് മോർ അന്തീമോസ് മെത്രാപ്പോലീത്തയുടെ മഹനീയ സാന്നിധ്യം ഉണ്ടാകും. ഒളിമ്പ്യൻ പി രാമചന്ദ്രൻ, എഫ് സി കൊച്ചിയുടെ പ്രസിഡണ്ട് ശ്രീ പി വി പോൾ, നഗരസഭയുടെ കായിക സ്ഥിരം സമിതി ചെയർമാൻ ശ്രീ ഫാസിൽ ഹുസൈൻ എന്നിവർ ആശംസകൾ നേരും.

ഉൽഘാടന ദിനത്തിൽ ആലുവ തൃക്കുന്നത്ത് സെന്റ് മേരീസ് ദേവാലയത്തിൽ അന്ത്യവിശ്രമം കൊള്ളുന്ന പരിശുദ്ധനായ പൗലോ സ് മാർ അത്താനാസ്യോസ് വലിയ തിരുമേനിയുടെ കബറിടത്തിൽ നിന്ന് കൊളുത്തിയെടുക്കുന്ന ദീപശിഖ ആലുവ ഫുട്ബോൾ അക്കാദമിയിലെ കുട്ടികൾ നഗരം ചുറ്റി ഗ്രൗണ്ടിൽ എത്തിക്കും. മുതിർന്ന ഫുട്ബോൾ താരങ്ങൾ ദീപശിഖ കൈമാറി, മുൻ സന്തോഷ് ട്രോഫി കളിക്കാരനായ വാൾട്ടർ ആന്റണി ഗ്രൗണ്ടിൽ ദീപം പ്രകാശിപ്പിക്കുന്നതാണ്. പി രാജശേഖരൻ പിള്ള മെമ്മോറിയൽ ട്രോഫിക്കും, പോൾ മറ്റത്തിൽ മെമ്മോറിയൽ ട്രോഫിക്കും വേണ്ടി നടത്തപ്പെടുന്ന മിനി മാറ്റ് ഫുട്ബോൾ മത്സരങ്ങൾ 2025 ജനുവരി 1 ബുധനാഴ്ച ആരംഭിക്കുന്നതാണ്.

യു പി എബ്രഹാം മെമ്മോറിയൽ ട്രോഫിക്കും, എം സി മാത്യു മെമ്മോറിയൽ ട്രോഫിക്കും, എം എ വർഗീസ് (പാപ്പച്ചൻ) മെമ്മോറിയൽ ട്രോഫിക്കും വേണ്ടി ജില്ലയിലെ പ്രമുഖരായ 6 ടീമുകളെ പങ്കെടുപ്പിച്ചു കൊണ്ട് വെറ്ററൻസ് ഫുട്ബോൾ ടൂർണ്ണമെന്റും ഇതോടൊപ്പം അരങ്ങേറും.

പ്രധാന മത്സരങ്ങളിൽ പങ്കെടുക്കുന്ന ടീമുകളുടെ പ്രഖ്യാപനം മുൻ സന്തോഷ് ട്രോഫി കളിക്കാരനും കോച്ചുമായിരുന്ന ശ്രീ സോളി സേവ്യർ നിർവ്വഹിച്ചു.

സംഘാടക സമിതി ചെയർമാൻ എം ഒ ജോണിന്റെ അദ്ധ്യക്ഷതയിൽ നടന്ന ചടങ്ങിൽ പി ജെ വർഗീസ്, പി പൗലോസ്, എം എം ജേക്കബ്, എം എൻ സത്യദേവൻ, ചിന്നൻ റ്റി പൈനാടത്ത്, എൻ ജെ ജേക്കബ്, തമ്പി കലമണ്ണിൽ, സി പി രാജൻ, എ ഫ്രാൻസിസ്, കെ പി പോൾസൺ, എം റ്റി ഫ്രാൻസിസ്, തോമസ് പോൾ, ഇട്ടി മാത്യു, അബു ഹാരിസ്, എം പി കലാധരൻ, എം പി ജെയിംസ്, പി ആർ ഹർഷൻ, അബ്ദുൾ മജീദ് എന്നിവർ സംസാരിച്ചു.

# ഒരുമ്പെട്ടവൻ

ഇന്ദ്രൻസ്,ജാഫർ ഇടുക്കി,ജോണി ആന്റണി,ഡയാന ഹമീദ്,ബേബി കാശ്മീര എന്നിവരെ പ്രധാന കഥാപാത്രങ്ങളാക്കി സുജീഷ് ദക്ഷിണകാശി,ഹരിനാരായണൻ കെ എം എന്നിവർ ചേർന്ന് സംവിധാനം ചെയ്യുന്ന ഒരുമ്പെട്ടവൻ എന്ന ചിത്രത്തിന്റെ ഒഫീഷ്യൽ ട്രെയിലർ റിലീസായി.ജനുവരി മൂന്നിന് പ്രദർശനത്തിനെത്തുന്ന ഈ ചിത്രത്തിൽ സുധീഷ്,ഐ എം വിജയൻ,സുനിൽ സുഖദ,സിനോജ് വർഗ്ഗീസ്,കലാഭവൻ ജിന്റോ,ശിവദാസ് കണ്ണൂർ, ഗൗതം ഹരിനാരായണൻ, സുരേന്ദ്രൻ കാളിയത്ത്,സൗമ്യ മാവേലിക്കര,അപർണ്ണ ശിവദാസ്, വിനോദ് ബോസ് തുടങ്ങിയ താരങ്ങൾ അഭിനയിക്കുന്നു.ദക്ഷിണ കാശി പ്രൊഡക്ഷന്റെ ബാനറിൽ സുജീഷ് ദക്ഷിണകാശി നിർമ്മിക്കുന്ന ഈ ചിത്രത്തിന്റെ ഛായാഗ്രഹണം സെൽവ കുമാർ എസ് നിർവ്വഹിക്കുന്നു.കെ എൽ എം സുവർദ്ധൻ, അനൂപ് തൊഴുക്കര എന്നിവർ എഴുതിയ വരികൾക്ക് ഉണ്ണി നമ്പ്യാർ സംഗീതം പകരുന്നു. വിജയ് യേശുദാസ്, വൈക്കം വിജയലക്ഷ്മി,സിത്താര കൃഷ്ണകുമാർ, ബേബി കാശ്മീര എന്നിവരാണ് ഗായകർ.സുജീഷ് ദക്ഷിണകാശി, ഗോപിനാഥ് പാഞ്ഞാൾ എന്നിവർ ചേർന്ന് കഥ തിരക്കഥ സംഭാഷണമെഴുതുന്ന ചിത്രത്തിന്റെ എഡിറ്റർഅച്ചു വിജയൻ.പ്രൊജക്റ്റ് ഡിസൈനർസുധീർ കുമാർ,ചീഫ് അസോസിയേറ്റ് ഡയറക്ടർ രാഹുൽ കൃഷ്ണ,പ്രൊഡക്ഷൻ കൺട്രോളർമുകേഷ് തൃപ്പൂണിത്തുറ,കലജീമോൻ എൻ എം, മേക്കപ്പ്സുധീഷ് വണ്ണപ്പുറം,കോസ്റ്റ്യൂംസ്അക്ഷയ പ്രേംനാഥ്, സ്റ്റിൽസ്ജയപ്രകാശ് അതളൂർ, പരസ്യകല മനു ഡാവിഞ്ചി, അസോസിയേറ്റ് ഡയറക്ടർഎ ജി അജിത്കുമാർ, നൃത്തം ശ്രീജിത്ത് പി ഡാസ്ലേഴ്സ്, പ്രൊഡക്ഷൻ എക്സിക്യൂട്ടീവ് സന്തോഷ് ചങ്ങനാശ്ശേരി.അസിസ്റ്റന്റ് ഡയറക്ടർസ് സുരേന്ദ്രൻ കാളിയത്, ജോബിൻസ്, ജിഷ്ണു രാധാകൃഷ്ണൻ, ഗോകുൽ പി ആർ, ദേവ പ്രയാഗ്, കിരൺ.പ്രൊഡക്ഷൻ മാനേജർ നിധീഷ്,പി ആർ ഓഎ എസ് ദിനേശ്.




# ബെസ്റ്റി ജനുവരിയിൽ

ബെൻസി പ്രൊഡക്ഷൻസിന്റെ ബാനറിൽ കെ.വി അബ്ദുൾ നാസർ നിർമ്മിക്കുന്ന ബെസ്റ്റി ജനുവരി 24ന് പ്രദർശനത്തിനെത്തുന്നു.മോഹബ്ബത്തിൻ കുഞ്ഞബ്ദുള്ള എന്ന ആദ്യ സിനിമയിലൂടെ തന്നെ ഏറെ ശ്രദ്ധേയനായ ഷാനു സമദ്, തിരക്കഥ സംഭാഷണമെഴുതി സംവിധാനം ചെയ്യുന്ന ചിത്രമാണ് ബെസ്റ്റി.അഷ്കർ സൗദാൻ, ഷഹീൻ സിദ്ധിക്ക്, സാക്ഷി അഗർവാൾ എന്നിവർ പ്രധാന കഥാപാത്രങ്ങളെ അവതരിപ്പിക്കുന്ന ബെസ്റ്റിയിൽ സുരേഷ് കൃഷ്ണ, സുധീർ കരമന, ജോയ് മാത്യു, ജാഫർ ഇടുക്കി, ഗോകുലൻ, സാദിക്ക്, ഹരീഷ് കണാരൻ, നിർമ്മൽപാലാഴി, അബു സലിം, ഉണ്ണിരാജ നസീർ സംക്രാന്തി, അപ്പുണ്ണി ശശി, സുന്ദര പാണ്ഡ്യൻ, കലാഭവൻ റഹ്മാൻ, അംബി , തിരു, ശ്രവണ, സോനാനായർ, മെറിന മൈക്കിൾ, അംബിക മോഹൻ, ക്രിസ്റ്റി ബിന്നെറ്റ്, ശ്രീയ,മനോഹരിയമ്മ, അന്ന ചാക്കോ പ്രതിഭ പ്രതാപ് ചന്ദ്രൻ, ദീപ, സന്ധ്യമനോജ് തുടങ്ങിയ മറ്റ് പ്രമുഖ താരങ്ങളും അഭിനയിക്കുന്നു.ഒട്ടേറെ ഹിറ്റുകൾ സമ്മാനിച്ച ഔസേപ്പച്ചൻ സംഗീതം ഒരുക്കുന്ന ഗാനങ്ങൾക്ക് ഒപ്പം പഴയ ഹിറ്റ് മാപ്പിള പാട്ടുകളും ഈ സിനിമയിൽ ഉൾപ്പെടുത്തിയിട്ടുണ്ട്.




ഒറിജിനൽ സ്കോർ ഔസേപ്പച്ചൻ.ഛായാഗ്രഹണംജിജു സണ്ണി,ഗാനരചനഷിബു ചക്രവർത്തി, ജലീൽ കെ. ബാവ, ഒ.എം. കരുവാരക്കുണ്ട്, ശുഭം ശുക്ല,സംഗീതം ഔസേപ്പച്ചൻ,അൻവർ അമൻ,മൊഹ്സിൻ കുരിക്കൾ, അഷറഫ് മഞ്ചേരി, ശുഭം ശുക്ല, ചേതൻ ശ്രീവസ്തവ,എഡിറ്റർജോൺ കുട്ടി,കഥപൊന്നാനി അസീസ്,പ്രൊഡക്ഷൻ കൺട്രോളർഎസ്. മുരുകൻ,പ്രൊഡക്ഷൻ ഇൻ ചാർജ്റിനി അനിൽകുമാർ,കലദേവൻ കൊടുങ്ങല്ലൂർ,മേക്കപ്പ് റഹിം കൊടുങ്ങല്ലൂർ,സ്റ്റിൽസ്അജി മസ്കറ്റ്. സംഘട്ടനംഫിനിക്സ്പ്രഭു. കോസ്റ്റ്യൂംസ് ബ്യൂസിബേബി ജോൺ,സൗണ്ട് ഡിസൈൻഎം ആർ രാജാകൃഷ്ണൻ,ചീഫ് അസോസിയറ്റ് ഡയറക്ടർ തുഫൈൽ പൊന്നാനി,അസോസിയറ്റ് ഡയറക്ടർതൻവീർ നസീർ, അസിസ്റ്റന്റ് ഡയറക്ടർറെന്നി,സമീർഉസ്മാൻ, ഗ്രാംഷി,സാലി വി.എം, സാജൻ മധു,പ്രൊഡക്ഷൻ എക്സിക്യൂട്ടിവ് സെന്തിൽ പൂജപ്പുര,പ്രൊഡക്ഷൻ മാനേജർ കുര്യൻജോസഫ്,കൊറിയോഗ്രാഫി രാകേഷ് മാസ്റ്റർ, സഹീർ അബ്ബാസ്, മിഥുൻഭദ്ര,മാർക്കറ്റിംഗ്ടാഗ് 360 ഡിഗ്രീ.തെറ്റിദ്ധാരണകളുടെ പുറത്ത് ഡിവോഴ്സ് ചെയ്യപ്പെട്ട ദമ്പതിമാർക്ക് ഇടയിലേക്ക് സഹായത്തിനായി ഒരു സുഹൃത്ത് കടന്ന് വരുന്നതും, അതിനെ തുടർന്നുണ്ടാകുന്ന രസകരമായ സംഭവ വികാസങ്ങളിലൂടെ നർമ്മ പശ്ചാത്തലത്തിൽ കഥ പുരോഗമിക്കുന്ന ചിത്രമാണ് 'ബെസ്റ്റി".കുളു മണാലി, ബോംബെ, മംഗലാപുരം, കോഴിക്കോട്, പൊന്നാനി,എന്നിവിടങ്ങളിലാണ് 'ബെസ്റ്റി'യുടെ ചിത്രീകരണം പൂർത്തിയാക്കിയത്.പി ആർ ഓ എ എസ് ദിനേശ്.

# റെട്രോ




സൂര്യ 44 ന്റെ ടൈറ്റിൽ ടീസർ റിലീസായി. റെട്രോ എന്നാണ് ചിത്രത്തിന്റെ ടൈറ്റിൽ. ലവ്, ലോട്ടർ, വാർ എന്ന ടാഗ് ലൈനിൽ എത്തുന്ന ചിത്രത്തിന്റെ ടീസറിൽ പ്രണയവും ആക്ഷനും ചേർന്ന രംഗങ്ങളാണ് കാർത്തിക് സുബ്ബരാജ് പ്രേക്ഷകരിലേക്കെത്തിക്കുന്നത്. സൂര്യകാർത്തിക് സുബ്ബരാജ് കൂട്ടുകെട്ടിൽ എത്തുന്ന ചിത്രത്തിൽ പൂജാ ഹെഗ്ഡെ ആണ് നായിക. ജോജു ജോർജ്, ജയറാം, കരുണാകരൻ തുടങ്ങിയ താര നിരയാണ് ചിത്രത്തിലുള്ളത്.ചിത്രത്തിന്റെ സംഗീത സംവിധാനം നിർവഹിക്കുന്നത് സന്തോഷ് നാരായണനാണ്. സൂര്യയുടെ 2ഉ എന്റർടൈൻമെന്റ്സും കാർത്തിക്ക് സുബ്ബരാജിന്റെ സ്റ്റോൺ ബെഞ്ച് ഫിലിംസും ചേർന്നാണ് ചിത്രം നിർമ്മിക്കുന്നത്.ജ്യോതികയും സൂര്യയും ചേർന്ന് നിർമ്മിക്കുന്ന ചിത്രത്തിന്റെ കോ പ്രൊഡ്യൂസേർസ് രാജ് ശേഖർ കർപ്പൂരസുന്ദരപാണ്ഡ്യനും കാർത്തികേയൻ സന്താനവുമാണ്. സംഗീതസംവിധാനം : സന്തോഷ് നാരായണൻ, ഛായാഗ്രഹണം : ശ്രേയാസ് കൃഷ്ണ, എഡിറ്റിംഗ് :മുഹമ്മദ് ഷഫീഖ് അലി,കലാസംവിധാനം: ജാക്കി, വസ്ത്രാലങ്കാരം: പ്രവീൺ രാജ , സ്റ്റണ്ട്: കേച്ച കംഫക്ദീ,മേക്കപ്പ്: വിനോദ് സുകുമാരൻ, സൗണ്ട് ഡിസൈൻ: സുരൻ.ജി, അളഗിയക്കൂത്തൻ, കൊറിയോഗ്രാഫി: ഷെരീഫ്.എം ,പബ്ലിസിറ്റി ഡിസൈൻ: ട്യൂണി ജോൺ, പി ആർ ഓ ആൻഡ് മാർക്കറ്റിംഗ് കൺസൽട്ടന്റ് : പ്രതീഷ് ശേഖർ.

# നൈറ്റ് റൈഡേഴ്സ്

ചിത്രസംയോജകൻ നൗഫൽ അബ്ദുള്ള സംവിധാനം ചെയ്യുന്ന ചിത്രത്തിന്റെ ടൈറ്റിൽ പോസ്റ്റർ റിലീസ് ചെയ്തു. മാത്യു തോമസാണ് നായകൻ. കൊച്ചിയിൽ നടന്ന ചടങ്ങിൽ ചിത്രത്തിന്റെ മോഷൻ പോസ്റ്ററും പുറത്തിറക്കി. ഹൊറർ കോമഡി ജോണറിൽ ഒരുങ്ങുന്ന ചിത്രം മലയാളത്തിന് പുറമെ തമിഴ്, തെലുങ്ക്, കന്നഡ, ഹിന്ദി എന്നീ ഭാഷകളിൽ റിലീസ് ചെയ്യും. ഉള്ളാക്ക് ഫിലിംസിന്റെ ബാനറിൽ നിസാർ ബാബു, സജിൻ അലി എന്നിവരാണ് നൈറ്റ് റൈഡേഴ്സിന്റെ നിർമ്മാണം നിർവഹിക്കുന്നത്. കഴിഞ്ഞ വർഷത്തെ വിജയ ചിത്രം പ്രണയവിലാസത്തിന്റെ എഴുത്തുകാരായ ജ്യോതിഷ് എം., സുനു എ.വി. എന്നിവരാണ് രചയിതാക്കൾ.മാത്യു തോമസിനോടൊപ്പം മീനാക്ഷി ഉണ്ണികൃഷ്ണമുണ്ട്.അബു സലിം, റോണി ഡേവിഡ് രാജ്, റോഷൻ ഷാനവാസ്, ശരത് സഭ, മെറിൻ ഫിലിപ്പ്, സിനിൽ സൈനുദ്ധീൻ, നൗഷാദ് അലി, നസീർ സംക്രാന്തി, ചൈത്ര പ്രവീൺ എന്നിവരാണ് മറ്റു കഥാപാത്രങ്ങളെ അവതരിപ്പിക്കുന്നത്. എക്സിക്യൂട്ടീവ് പ്രൊഡ്യൂസർ: ബിജേഷ് താമി, ലൈൻ പ്രൊഡ്യൂസർ: ഫൈസൽ അലി, ഡി ഓ പി: അഭിലാഷ് ശങ്കർ, എഡിറ്റർ: നൗഫൽ അബ്ദുള്ള, മ്യൂസിക്: യാക്ക്സൻ ഗാരി പെരേര, നേഹ എസ്. നായർ, സൗണ്ട് ഡിസൈൻ: വിക്കി, ഫൈനൽ മിക്സ്: എം.ആർ. രാജാകൃഷ്ണൻ, വസ്ത്രലങ്കാരം: മെൽവി ജെ., മേക്കപ്പ്: റോണക്സ് സേവ്യർ, ആർട്ട് ഡയറക്റ്റർ: നവാബ് അബ്ദുള്ള, ചീഫ് അസ്സോസിയേറ്റ് ഡയറക്ടർ: ഫിലിപ്പ് ഫ്രാൻസിസ്, പ്രൊഡക്ഷൻ കൺട്രോളർ :ജിനു പി.കെ, സ്റ്റിൽസ്: സിഹാർ അഷ്റഫ്, ഡിസൈൻ:എസ്.കെ.ഡി, പി ആർ ഒ: പ്രതീഷ് ശേഖർ.



# ആരോഗ്യ ബോധവത്ക്കരണവും സമ്മാനവുമായി സാന്താക്ലോസ്

**ചെങ്ങന്നൂർ:** ജില്ലാ ആരോഗ്യ വകുപ്പിന്റെ നേതൃത്വത്തിൽ ചെങ്ങന്നൂർ ജില്ലാ ആശുപത്രി, സി എച്ച് സി പാണ്ടനാട് എന്നീ സ്ഥാപനങ്ങളുടെ സംയുക്താഭിമുഖ്യത്തിൽ ദേശീയ ക്ഷയരോഗ നിവാരണ പരിപാടിയുടെ ഭാഗമായി ചെങ്ങന്നൂർ ടൗണിലും സമീപ പ്രദേശങ്ങളിലും വിവിധ പരിപാടികൾ സംഘടിപ്പിച്ചു. ജില്ലയിൽ നടപ്പിലാക്കുന്ന നൂറുദിന കർമ്മപരിപാടിയുമായി ബന്ധപ്പെട്ടാണ് ബോധവത്കരണ പരിപാടി നടന്നത്.

ക്ഷയരോഗ നിവാരണത്തിന്റെ പ്രാധാന്യം ബഹുജന പങ്കാളിത്തത്തോടെ പൊതുസമൂഹത്തിൽ എത്തിക്കുക എന്ന ലക്ഷ്യത്തോടെ സംഘടിപ്പിച്ച ബോധവൽക്കരണ ക്രിസ്മസ് റാലി ചെങ്ങന്നൂർ സ്വകാര്യ ബസ് സ്റ്റാൻഡിൽ നഗരസഭ അധ്യക്ഷ ശോഭ വർഗീസ് ഉദ്ഘാടനം ചെയ്തു. വെൺമണി എഫ് എച്ച് സി യിലെ എച്ച് ഐ വിനോദ് പരിപാടിയിൽ സാന്താക്ലോസായി. തുടർന്ന് സാന്താക്ലോസിന്റെ നേതൃത്വത്തിൽ നടന്ന സമ്മാനപ്പെരുമഴ പ്രശ്നോത്തരിയിൽ ക്ഷയരോഗ നിർണ്ണയം, ചികിത്സ, പ്രധാന രോഗലക്ഷണങ്ങൾ, പ്രതിരോധ ശീലങ്ങൾ, ലോകക്ഷയരോഗ ദിനം എന്നിവയുമായി ബന്ധപ്പെട്ട ചോദ്യങ്ങളാണ് ഉൾപ്പെടുത്തിയിരുന്നത്. ശരിയുത്തരങ്ങൾ പറഞ്ഞവർക്ക് സാന്താക്ലോസ് ക്രിസ്മസ് പുതുവത്സര സമ്മാനങ്ങളും നൽകി.

നഗരസഭ വൈസ് ചെയർമാൻ ഷിബുരാജ് അധ്യക്ഷത വഹിച്ചു. ചെങ്ങന്നൂർ ജില്ല ആശുപത്രി സൂപ്രണ്ട് ഡോ. ടി അനിത ക്രിസ്മസ് സന്ദേശം നൽകി. പാണ്ടനാട് സാമൂഹികാരോഗ്യ കേന്ദ്രം ഹെൽത്ത് സൂപ്പർവൈസർ സജിത്ത്, ജൂനിയർ ഹെൽത്ത് ഇൻസ്പെക്ടർ സന്തോഷ് എന്നിവർ സംസാരിച്ചു. ആരോഗ്യവകുപ്പ് ഉദ്യോഗസ്ഥർ, ആശാ പ്രവർത്തകർ, സ്കൂൾ, കോളേജ് വിദ്യാർഥികൾ, അയപ്പഭക്തർ, യാത്രക്കാർ തുടങ്ങിയവർ പങ്കെടുത്തു.

## മിനി ജോബ് ഫെയർ

**കണ്ണൂർ:** ജില്ലാ എംപ്ലോയ്മെന്റ് എക്സ്ചേഞ്ചിന്റെ കീഴിലുള്ള എംപ്ലോയബിലിറ്റി സെന്ററിന്റെ ആഭിമുഖ്യത്തിൽ ഡിസംബർ 30 ന് രാവിലെ 10 മുതൽ ഉച്ചക്ക് ഒന്ന് വരെ അഭിമുഖം നടത്തുന്നു. സർവീസ് എഞ്ചിനീയർ, മാർക്കറ്റിംഗ് എക്സിക്യൂട്ടീവ്, മാനേജർ, മാനേജർ ട്രെയിനീ, ടീം ലീഡർ, പ്രൊമോട്ടർ, ടെലി കോളർ, എച്ച് ആർ റിക്രൂട്ടർ, ഡിജിറ്റൽ മാർക്കറ്റിംഗ് ഒഴിവുകളിലേക്കാണ് അഭിമുഖം. പ്ലസ്ടു, ഡിഗ്രി, ഐടിഐ, ഡിപ്ലോമ, എംബിഎയുള്ള ഉദ്യോഗാർത്ഥികൾ തിരിച്ചറിയൽ കാർഡിന്റെ പകർപ്പും 250 രൂപയും, ഒരു പാസ്പോർട്ട് സൈസ് ഫോട്ടോയും സഹിതം എംപ്ലോയബിലിറ്റി സെന്ററിൽ പേര് രജിസ്റ്റർ ചെയ്ത് ഇന്റർവ്യൂവിനു പങ്കെടുക്കണം. നിലവിൽ രജിസ്റ്റർ ചെയ്ത ഉദ്യോഗാർത്ഥികൾക്കും രജിസ്ട്രേഷൻ സ്ലിപ് കൊണ്ടുവന്ന് ഇന്റർവ്യൂവിൽ പങ്കെടുക്കാം. ഫോൺ 0497 2707610, 6282942066.

## യുവജന കമ്മീഷൻ സംസ്ഥാനതല ചെസ്സ് മത്സരം ജനുവരി നാലിന്

**കണ്ണൂർ:** ദേശീയ യുവജന ദിനാഘോഷത്തോടനുബന്ധിച്ച് സംസ്ഥാന യുവജന കമ്മീഷൻ സംഘടിപ്പിക്കുന്ന ചെസ്സ് മത്സരം ജനുവരി നാലിന് കണ്ണൂർ, പള്ളിക്കുന്ന് കൃഷ്ണമേനോൻ മെമ്മോറിയൽ ഗവ വിമൻസ് കോളേജിൽ നടക്കും. മത്സരത്തിൽ പങ്കെടുക്കാൻ ആഗ്രഹിക്കുന്ന 18 നും 40 നും ഇടയിൽ പ്രായമുള്ള യുവജനങ്ങൾ ഫോട്ടോയും ഫിഡെ റേറ്റിംഗും ഉൾപ്പെടെ വിശദമായ ബയോഡേറ്റ official.skyc@gmail.com എന്ന മെയിൽ ഐ.ഡിയിലോ വികാസ് ഭവനിലുള്ള കമ്മീഷൻ ഓഫീസിൽ തപാൽ മുഖേനയോ (കേരള സംസ്ഥാന യുവജന കമ്മീഷൻ, വികാസ് ഭവൻ, പി.എം. ജി, തിരുവനന്തപുരം 33), നേരിട്ടോ നൽകണം. അവസാന തീയതി ഡിസംബർ 31. വിജയികൾക്ക് യഥാക്രമം 15,000, 10,000, 5000 രൂപ വീതവും ട്രോഫിയും ലഭിക്കും. ഫോൺ 04712308630.

## ഐ.എച്ച്.ആർ.ഡി കോഴ്സുകൾക്ക് അപേക്ഷിക്കാം

**മാവേലിക്കര:** കോളേജ് ഓഫ് അപ്ലൈഡ് സയൻസിൽ ജനുവരിയിൽ ആരംഭിക്കുന്ന ഐ.എച്ച്.ആർ.ഡി കോഴ്സുകൾക്ക് ഡിസംബർ 31 വരെ അപേക്ഷ സമർപ്പിക്കാം. പി.ജി.ഡി.സി.എ (രണ്ട് സെമസ്റ്റർയോഗ്യത ഡിഗ്രി, ഡാറ്റ എൻട്രി ടെക്നിക്ക് ആൻഡ് ഓഫീസ് ഓട്ടോമേഷൻ ഡിപ്ലോമ (രണ്ട് സെമസ്റ്റർ യോഗ്യത എസ്.എസ്.എൽ.സി), കമ്പ്യൂട്ടർ ആപ്ലിക്കേഷൻ ഡിപ്ലോമ (ഒരു സെമസ്റ്റർയോഗ്യത പ്ലസ് ടു), ലൈബ്രറി ആൻഡ് ഇൻഫർമേഷൻ സയൻസ് സർട്ടിഫിക്കറ്റ് കോഴ്സ് (ഒരു സെമസ്റ്റർയോഗ്യത എസ്.എസ്.എൽ.സി)എന്നിവയാണ് കോഴ്സുകൾ. എസ് സി, എസ് ടി, ഒ.ബി.സി വിഭാഗക്കാർക്ക് ഫീസിളവുണ്ട്. അപേക്ഷ ഫോമിനും വിശദവിവരങ്ങൾക്കും www.ihrdadmissions.org സന്ദർശിക്കുക. ഫോൺ: 9562771381, 8547005046, 9495069307.



# പുതുവത്സര ആഘോഷങ്ങൾ; വിനോദസഞ്ചാര കേന്ദ്രങ്ങൾ ഒരുങ്ങി

**കോവളം:** പുതുവത്സരാഘോഷത്തിനൊരുങ്ങി കോവളം രാജ്യാന്തര വിനോദ സഞ്ചാരതീരം. സ്വകാര്യ ഹോട്ടലുകൾ, റസ്റ്ററന്റുകൾ എന്നിവയുടെ നേതൃത്വത്തിൽ വിവിധ ആഘോഷ പരിപാടികൾ ഒരുക്കിയിട്ടുണ്ട്. ഹവ്വാ, ലൈറ്റ് ഹൗസ് ബീച്ചുകളിലെ ഹോട്ടലുകൾ, റസ്റ്ററന്റുകൾ എന്നിവ ദീപാലങ്കാര പ്രഭയിലാണ്. ഡിജെ പാർട്ടികൾ, കേരളത്തിന്റെ തനതു നൃത്തരൂപങ്ങൾ എന്നിവയുൾപ്പെടെയുള്ള കലാപരിപാടികളാണ് വിവിധ ഹോട്ടലുകളിൽ ഒരുക്കിയിട്ടുള്ളത്.ടൂറിസം വകുപ്പിന്റെ നേതൃത്വത്തിലുള്ള ആഘോഷ പരിപാടികളായി പുതുവത്സര പിറവിയുടെ തലേന്ന് വൈകിട്ട് 5ന് ബീച്ചിൽ ശിങ്കാരി മേളവും തെയ്യവും അരങ്ങേറും. ലൈറ്റ് ഹൗസ് ബീച്ചിൽ നിന്നാരംഭിച്ചു ഹവ്വാ ബീച്ചു വരെ മേളവും തെയ്യവും നീങ്ങും. രാത്രി 12ന് ഇടക്കല്ല് പാറക്കൂട്ടത്തിൽ ലഘു കരിമരുന്നു പ്രയോഗവുമുണ്ടാവുമെന്നു ബന്ധപ്പെട്ടവർ അറിയിച്ചു.

പുതുവത്സരം വരവേൽക്കാനും ആഘോഷിക്കാനും തീരത്തേക്കുവൻ സന്ദർശക പ്രവാഹമാണ് ഇത്തവണയും പ്രതീക്ഷിക്കുന്നത്. ഈ മാസം മുഴുവൻ ഏതാണ്ട് എല്ലായിടത്തും മുറികളുടെ ബുക്കിങ് പൂർണമായി എന്നാണ് വിവരം. വിദേശ സഞ്ചാരികളുടെ വരവ് കാര്യമായ തോതിൽ കുറഞ്ഞപ്പോൾ ആഭ്യന്തര ടൂറിസ്റ്റുകൾ ആ കുറവ് നികത്തുന്ന കാഴ്ചയാണ്. പ്രത്യേകിച്ചു തെക്കൻ സംസ്ഥാനങ്ങളിൽ നിന്നു വലിയതോതിൽ ടൂറിസ്റ്റുകൾ വർക്കല ബീച്ച് ലക്ഷ്യമാക്കിയാണ് സഞ്ചാരം. അടുത്തകാലത്ത് വർക്കലയിലെ ടൂറിസം വളർച്ചയിൽ ആഭ്യന്തര സന്ദർശകരുടെ ഗണ്യമായ പിന്തുണയുണ്ട്. മുഖ്യ ആകർഷണമായ വർക്കല ക്ലിഫിനു മുകളിലെ നൂറുകണക്കിനു റിസോർട്ടുകളെല്ലാം ഓൺലൈൻ ബുക്കിങ് വഴിയാണ് സന്ദർശകരെ സ്വീകരിക്കുന്നത്. മുൻ കാലത്ത് നോർത്ത് ക്ലിഫിലാണ് സന്ദർശക പ്രവാഹമെങ്കിൽ ഇപ്പോൾ പാപനാശം തീരത്തിനു തെക്കുള്ള സൗത്ത് ക്ലിഫിലേക്കും പുതിയ റിസോർട്ട് ശൃംഖല വ്യാപിച്ചു. ബീച്ച് മാത്രം ലക്ഷ്യമാക്കാതെ പാക്കേജ് സന്ദർശന പരിപാടിയുമായി എത്തുന്നവർക്കു അൽപം കുറഞ്ഞ നിരക്കിൽ ഹോംസ്റ്റേ സംവിധാനവും വ്യാപകമായി പ്രവർത്തിക്കുന്നു. ബീച്ച് പരിസരത്തുനിന്ന് അൽപം അകലത്തിലുള്ള താമസസൗകര്യം . പുതിയ ഗെസ്റ്റ് ഹൗസും പുതുക്കിയ റെസ്റ്റ് ഹൗസ് ക്യാംപ് ഷെഡ്ഡും കഫറ്റീരിയയും പൊൻമുടിയിൽ പുതുവർഷത്തിൽ യാഥാർഥ്യമാകും. പൊന്മുടിയിലെ പുതു വർഷം പുതു ശോഭയിലാണ്. പല ഘട്ടങ്ങളിൽ കരാർ പുതുക്കി 10 വർഷത്തോളം എടുത്ത് പൂർത്തിയാക്കിയ ഗെസ്റ്റ് ഹൗസിനു 16 കോടി രൂപയാണ് ചെലവായത്.

# സർവകാല റെക്കോർഡുകളും ഭേദിച്ച് വിലയിൽ മുന്നേറ്റം തുടർന്ന് കാപ്പി

**ഇടുക്കി:** സംസ്ഥാനത്ത് കാപ്പിക്കുരു വില സർവകാല റെക്കോർഡുകളും ഭേദിച്ച് മുന്നേറ്റം തുടരുകയാണ്. എങ്കിലും ഉൽപാദനത്തിൽ ഗണ്യമായ കുറവ് രേഖപ്പെടുത്തുന്നത് നിരാശയ്ക്ക് ഇടയാക്കുന്നുണ്ട്. അസമയത്ത് പെയ്ത മഴയിൽ തോട്ടങ്ങളിലെ പൂക്കൾ വ്യാപകമായി പൊഴിഞ്ഞു പോയതാണ് ഉൽപാദന കുറവിന് ഇടയാക്കിയത്. പച്ചക്കായ്ക്ക് കിലോയ്ക്ക് 85 രൂപയാണ് ഹൈറേഞ്ചിലെ പ്രധാന മാർക്കറ്റുകളിൽ ഇന്നലത്തെ വില.

ഉണക്ക കായ്ക്ക് 230 രൂപയും. അതേ സമയം പരിപ്പിനു വില 400 കടന്നു. കഴിഞ്ഞ വർഷം ഇതേ സമയത്ത് പരിപ്പിനു 300 രൂപയിൽ താഴെയായിരുന്നു വില. ജില്ലയിൽ മണിയാറൻകുടി, കൂട്ടക്കുഴി, മക്കുവ



ള്ളി, മനയത്തടം, കൈതപ്പാറ എന്നിവിടങ്ങളിൽ വ്യാപകമായ കാപ്പി കൃഷിയുണ്ട്.

കർഷകരെ ബോധവൽക്കരിക്കാനായി കോഫി ബോർഡിന്റെ നേതൃത്വത്തിൽ യോഗം നടത്തിയപ്പോൾ. പെരിഞ്ചാംകുട്ടി, രാജാക്കാട്, ചപ്പാത്ത്, ഉപ്പുതറ, ഇരട്ടയാർ തുടങ്ങിയ സ്ഥലങ്ങളിലാണ് യോഗങ്ങൾ സംഘടിപ്പിച്ചത്.

കർഷകരെ ബോധവൽക്കരിക്കാനായി കോഫി ബോർഡിന്റെ നേതൃത്വത്തിൽ യോഗം നടത്തിയപ്പോൾ. പെരിഞ്ചാംകുട്ടി, രാജാക്കാട്, ചപ്പാത്ത്, ഉപ്പുതറ, ഇരട്ടയാർ തുടങ്ങിയ സ്ഥലങ്ങളിലാണ് യോഗങ്ങൾ സംഘടിപ്പിച്ചത്.

വാത്തിക്കുടിയിലും കട്ടപ്പനയിലും നെടുങ്കണ്ടത്തുമെല്ലാം കാപ്പിത്തോട്ടങ്ങൾ ഏലം കൃഷിക്ക് വഴിമാറിയെങ്കിലും ഇപ്പോഴും ഭാഗികമായി കൃഷി തുടരുന്ന തോട്ടങ്ങൾ ഏറെയുണ്ട്. വില കൂടിയതോടെ കാപ്പി പുതുക്കൃഷി ചെയ്യുന്ന കർഷകരുടെ എണ്ണവും കൂടിയിട്ടുണ്ട്. വന്യജീവി ശല്യം ഏറിയതോടെ തന്നാണ്ട് വിളകൾ ഉപേക്ഷിച്ച കർഷകർ കാപ്പിയും കവുങ്ങുമാണ് പകരമായി പുരയിടത്തിൽ നട്ടു നനയ്ക്കുന്നത്.

# മുത്തൂറ്റ് ഫിൻകോർപ് എൻസിഡി വഴി 300 കോടി രൂപ സമാഹരിക്കും

**കൊച്ചി:** കൺവെർട്ടബിൾ ഡിബഞ്ചേഴ്സുകളുടെ (എൻസിഡി) ട്രഞ്ച് മൂന്ന് പരമ്പരയിലൂടെ 300 കോടി രൂപ സമാഹരിക്കും. ആയിരം രൂപ മുഖവിലയുള്ള എൻസിഡികൾ 2024 ഡിസംബർ 23 മുതലാവും ലഭ്യമാകുക. തുടർ വായ്പകൾ, സാമ്പത്തിക സഹായം, കമ്പനിയുടെ നിലവിലുള്ള കടങ്ങളുടെ മുതലും പലിശയും തിരിച്ചടക്കൽ, പൊതുവായ കോർപറേറ്റ് ചെലവുകൾ തുടങ്ങിയവയ്ക്കായിരിക്കും സമാഹരിക്കുന്ന തുക വിനിയോഗിക്കുക. ആകെയുള്ള 2000 കോടി രൂപയുടെ എൻസിഡി പരിധിക്കുള്ളിൽ നിന്നു കൊണ്ട് 300 കോടി രൂപയാണ് ഈ എൻസിഡികൾ വഴി സമാഹരിക്കാൻ ഉദ്ദേശിക്കുന്നത്. 100 കോടി രൂപയാണ് ഇപ്പോഴത്തെ അടിസ്ഥാന എൻസിഡി വിതരണം. ഇതിനു പുറമെ അധികമായി സമാഹരിക്കുന്ന 200 കോടി രൂപ കൈവശം വെക്കാനുള്ള അവകാശവും കൂടിയുണ്ട്. 24, 36, 60, 72, 92 മാസങ്ങളുടെ കാലാവധിയുള്ള എൻസിഡികളാണ് ലഭ്യമായിട്ടുള്ളത്. ഇവയുടെ യീൽഡ് പ്രതിമാസ, വാർഷിക രീതികളിലോ കാലാവധി എത്തുമ്പോൾ ഒരുമിച്ചു നൽകുന്ന രീതിയിലോ തെരഞ്ഞെടുക്കാം. 9.00 ശതമാനം മുതൽ 10.10 ശതമാനം വരെയായിരിക്കും എൻസിഡി ഉടമകൾക്കു വിവിധ വിഭാഗങ്ങളിലായി ലഭിക്കുന്ന പ്രായോഗിക യീൽഡ്.ജനുവരി 6 വരെയായിരിക്കും പൊതു ജനങ്ങൾക്ക് ഈ എൻസിഡികൾ ലഭ്യമാകുക. സെബിയുടെ 33 എ റെഗുലേഷനു കീഴിലെ വ്യവസ്ഥകൾക്കനുസരിച്ച് ഡയറക്ടർ ബോർഡിൻറേയോ സ്റ്റോക്ക് അലോട്ട്മെൻറ് കമ്മിറ്റിയുടേയോ അംഗീകാരത്തിനു വിധേയമായി നേരത്തെ തന്നെ എൻസിഡി വിതരണം അവസാനിപ്പിക്കാനും സാധിക്കുമെന്ന് മുത്തൂറ്റ് ഫിൻകോർപ്പ് സിഇഒ ഷാജി വർഗ്ഗീസ് പറഞ്ഞു.

# ക്രോമ സൂപ്പർ എക്സ്ചേഞ്ച് ഓഫർ അവതരിപ്പിച്ചു

**കൊച്ചി:** ഇലക്ട്രോണിക്സ് റീട്ടെയിലറായ ക്രോമ പുതുവത്സര ആഘോഷങ്ങളുടെ ഭാഗമായി സൂപ്പർ എക്സ്ചേഞ്ച് ഓഫർ അവതരിപ്പിച്ചു. സൂപ്പർ എക്സ്ചേഞ്ച് ഓഫറിൻറെ ഭാഗമായി ഉപയോക്താക്കൾ അവരുടെ കാലഹരണപ്പെട്ട ഇലക്ട്രോണിക്സ് ഉപകരണങ്ങൾ പുതിയതും ഊർജ്ജക്ഷമതയുള്ളതുമായ ഉപകരണങ്ങളുമായി കൈമാറ്റം ചെയ്യുമ്പോൾ മൂന്നിരട്ടി ആനുകൂല്യങ്ങളാണ് ക്രോമ ലഭ്യമാക്കുന്നത്.സൂപ്പർ എക്സ്ചേഞ്ചിന് കീഴിൽ, തിരഞ്ഞെടുത്ത ഗൃഹോപകരണങ്ങളും മറ്റ് ഇലക്ട്രോണിക് ഉപകരണങ്ങളും കൈമാറ്റം ചെയ്യുന്ന ഉപഭോക്താക്കൾക്ക് 3 മടങ്ങ് വരെ എക്സ്ചേഞ്ച് ആനുകൂല്യങ്ങളും പുതിയ ഉത്പന്നങ്ങളിൽ എക്സ്ക്ലൂസീവ് റിവാർഡുകളും കിഴിവുകളും ലഭിക്കും. കൂടാതെ, പഴയ ലാപ്ടോപ്പുകളും മൊബൈലുകളും കൈമാറ്റം ചെയ്യുമ്പോൾ 21,000 രൂപ വരെ ലാഭിക്കാം.സൂപ്പർ എക്സ്ചേഞ്ച് ഓഫറിൻറെ ഭാഗമായി, ഉപയോക്താക്കൾക്ക് ഏത് പഴയ ഉപകരണവുമായി വന്നാലും ഏത് പുതിയ ഉത്പന്നവുമായും അത് കൈമാറ്റം ചെയ്യാനാകും. പ്രവർത്തിക്കാത്ത ഉത്പന്നങ്ങളാണെങ്കിൽ കൂടി ഇവ ക്രോമ സ്റ്റോറിൽ നൽകിയാൽ 500 രൂപയുടെ ക്രോമ വൗച്ചർ ലഭിക്കും.രാജ്യത്തുടനീളമുള്ള 550ലധികം ക്രോമ സ്റ്റോറുകളിലും സൂപ്പർ എക്സ്ചേഞ്ച് ഓഫർ ലഭ്യമാണ്. അംഗീകൃത റീസൈക്കിൾ പങ്കാളികളുമായി സഹകരിച്ച് പഴയ ഇലക്ട്രോണിക്സ് ഉത്പന്നങ്ങൾ റീസൈക്കിൾ ചെയ്യുന്നതിനായി ശേഖരിക്കുന്ന ഒരു ഡിസ്പോസൽ ഏരിയ ഓരോ ക്രോമ സ്റ്റോറിലും ഒരുക്കിയിട്ടുണ്ട്.പുതുവർഷത്തെ സ്വാഗതം ചെയ്യുന്ന ഈ അവസരത്തിൽ സൂപ്പർ എക്സ്ചേഞ്ച് ഓഫർ പുതിയ തുടക്കങ്ങൾ സൃഷ്ടിക്കാൻ സഹായിക്കുകയാണെന്ന് ഇൻഫിനിറ്റി റീട്ടെയിൽ ലിമിറ്റഡിൻറെ ചീഫ് എക്സിക്യൂട്ടീവ് ഓഫീസർ ഷിബാഷിഷ് റോയ് പറഞ്ഞു.




# നന്തിലത്ത് ജിമാർട്ടിൽ മെഗാ ഇയർ എൻഡ് സെയിൽ

**തൃശൂർ:** സൗത്ത് ഇന്ത്യയിലെ പ്രമുഖ ഗൃഹോപകരണ ഇലക്ട്രോണിക് ഡിജിറ്റൽ വിതരണശൃംഖലയായ ഗോപു നന്തിലത്ത് ജിമാർട്ടിൽ മെഗാ ഇയർഎൻഡ് സെയിൽ ആരംഭിച്ചു. പ്രമുഖ കമ്പനികളുടെ ഗൃഹോപകരണങ്ങളും പ്രമുഖ ബ്രാൻഡുകളുടെ മൊബൈൽ ഫോണുകൾ, ലാപ്ടോപ്പുകൾ എന്നിവയും ഡിജിറ്റൽ ആക്സസറീസും അടക്കം വിപുലമായ ശേഖരമാണു കേരളത്തിലുടനീളമുള്ള നന്തിലത്ത് ജിമാർട്ട് ഷോറൂമുകളിൽ ഒരുക്കിയിട്ടുള്ളത്.

മെഗാ ഇയർ എൻഡ് സെയിലിൻറെ ഭാഗമായി തെരഞ്ഞെടുത്ത ഗൃഹോപകരണങ്ങൾക്ക് 70 ശതമാനം വരെ ഡിസ്കൗണ്ട് നേടാം. ഇതിനു പുറമേ ജിമാർട്ട് ബെൻസാ ബെൻസോ ഓഫർ നറുക്കെടുപ്പിലൂടെ തെരഞ്ഞെടുക്കപ്പെടുന്ന ഭാഗ്യശാലിക്ക് ബംപർ സമ്മാനമായി ഒരു മെഴ്സിഡസ് ബെൻസ് കാറും നറുക്കെടുപ്പിലൂടെ തെരഞ്ഞെടുക്കപ്പെടുന്ന ഭാഗ്യശാലികൾക്ക് അഞ്ച് മാരുതി എസ്പ്രസോ കാറുകളും സമ്മാനമായി ലഭിക്കും.

ജനുവരി അഞ്ചുവരെ ഫെഡറൽ ബാങ്കിൻറെ ക്രെഡിറ്റ്/ഡെബിറ്റ് കാർഡ് ഉപയോഗിച്ച് പർച്ചേസ് ചെയ്യുന്ന ഉപയോക്താക്കൾക്ക് 10 ശതമാനം വരെ കാഷ്ബാക്ക് ലഭിക്കുന്ന ഒരു സ്പെഷൽ സ്കീമും ഒരുക്കിയിട്ടുണ്ട്.

## ചികിത്സാധനസഹായം നൽകി മണപ്പുറം ഫൗണ്ടേഷൻ

**ആലുവ:** സാമൂഹിക പ്രതിബദ്ധതാ പവർത്തനങ്ങളുടെ ഭാഗമായി ആലുവ നിയോജകമണ്ഡലത്തിലെ രോഗികൾക്കുള്ള ചികിത്സാധനസഹായം മണപ്പുറം ഫൗണ്ടേഷൻ കൈമാറി. അൻവർ സാദത്ത് എംഎൽഎയുടെ പ്രത്യേക ശുപാർശ പ്രകാരം രോഗബാധിതരായ എട്ടോളം രോഗികൾക്ക് 50000 രൂപയുടെ ധനസഹായമാണ് നൽകിയത്. പരിപാടിയിൽ മണപ്പുറം ഫൗണ്ടേഷൻ സിഇഒ ജോർജ് ഡി ദാസ്, സിഎസ്ആർ ഹെഡ് ശിൽപ ട്രീസ സെബാസ്റ്റ്യൻ, സോഷ്യൽ വർക്കർ മാനുവൽ അഗസ്റ്റിൻ തുടങ്ങിയവർ പങ്കെടുത്തു.

## ഗ്രീവ്സ് ഇലക്ട്രിക് മൊബിലിറ്റി ലിമിറ്റഡ് ഐപിഒയ്ക്ക്

**കൊച്ചി:** ആമ്പിയർ, എൽട്രാ, എലെ എന്നീ ബ്രാൻഡുകളുടെ ഇവി നിർമ്മാതാക്കളും ബി2സി, ബി2ബി ഉപഭോക്താക്കൾക്കായി വ്യക്തിപരവും വാണിജ്യപരവുമായ ആവശ്യങ്ങൾക്കായി ഇലക്ട്രിക് ടൂ വീലർ (ഇ2 ഡബ്ല്യു), ത്രീ വീലർ (3ഡബ്ല്യു) വിഭാഗങ്ങളിലുടനീളം വാഹനങ്ങളുടെ സമ്പൂർണ സ്യൂട്ട് ലഭ്യമാക്കുന്ന ഗ്രീവ്സ് ഇലക്ട്രിക് മൊബിലിറ്റി ലിമിറ്റഡ് പ്രാഥമിക ഓഹരി വിൽപനയ്ക്ക് (ഐപിഒ) അനുമതി തേടി സെബിയ്ക്ക് കരടുരേഖ (ഡിആർഎച്ച്പി) സമർപ്പിച്ചു. 1000 കോടി രൂപയുടെ പുതിയ ഇക്വിറ്റി ഓഹരികളും 18,93,98,200 ഇക്വിറ്റി ഓഹരികളുടെ ഓഫർ ഫോർ സെയിലുമാണ് ഐപിഒയിൽ ഉൾപ്പെടുത്തിയിരിക്കുന്നത്. മോത്തിലാൽ ഓസ്വാൾ ഇൻവെസ്റ്റ്മെൻറ് അഡ്വൈസേഴ്സ് ലിമിറ്റഡ്, ഐഐഎഫ്എൽ ക്യാപിറ്റൽ സർവീസസ് ലിമിറ്റഡ്, ജെഎം ഫിനാൻഷ്യൽ ലിമിറ്റഡ് എന്നിവരാണ് ഇഷ്യുവിൻറെ ബുക്ക് റണ്ണിങ് ലീഡ് മാനേജർമാർ.

## ഡിഎച്ച്എൽ എക്സ്പ്രസ് ഡിസ്കൗണ്ടുകൾ അവതരിപ്പിച്ചു

**കൊച്ചി:** റീട്ടെയിൽ ഉപഭോക്താക്കൾക്കായി ഡിഎച്ച്എൽ എക്സ്പ്രസ് പ്രത്യേക ഉത്സവ അവധിക്കാല ഓഫറുകളും കിഴിവുകളും പ്രഖ്യാപിച്ചു. 3 കിലോ മുതൽ 25 കിലോ വരെയുള്ള ഗിഫ്റ്റ് ഷിപ്പ്മെൻ്റുകൾ ആഗോളതലത്തിൽ അയക്കാൻ 2025 ജനുവരി 15 വരെ ഈ ആനുകൂല്യം ലഭ്യമാണ്. ഫെസ്റ്റിവൽ50 എന്ന പ്രമോ കോഡ് ഉപയോഗിച്ചാൽ അന്താരാഷ്ട്ര ഷിപ്പ്മെൻ്റുകൾക്ക് 50 ശതമാനവും ആഭ്യന്തര ഷിപ്പ്മെൻ്റുകൾക്ക് 40 ശതമാനവും ഡിസ്കൗണ്ട് ലഭിക്കും. ഡിഎച്ച്എല്ലിൻ്റെ 250ലധികം റീട്ടെയിൽ സർവീസ് പോയിൻ്റുകളിലും ഔദ്യോഗിക വെബ്സൈറ്റിലും ഓഫർ ലഭ്യമാണ്.

## നേഴ്സുമാരെ ആദരിച്ചു

**കൊച്ചി:** മിഷൻ 2025 പദ്ധതിയുടെ ഭാഗമായി അടുത്ത വർഷം ഏഴായിരം നഴ്സുമാർക്ക് വിദേശ ജോലിക്ക് അവസരം ലഭ്യമാക്കുമെന്ന് ടേൺ ഗ്രൂപ്പ്, എൻഎസ്ഡിസി ഇൻ്റർനാഷണൽ എന്നിവർ അറിയിച്ചു. രണ്ടായിരത്തിലേറെ നഴ്സുമാരെ ജർമനിയിലാവും നിയോഗിക്കുക. ജർമനിയിലെ മുൻ നിര ആശുപത്രികളിലും കെയർ ഹോമുകളിലും ജോലി ലഭിച്ച 62 സ്കിൽഡ് നഴ്സുമാരെ ആദരിക്കുന്നതിനായി കൊച്ചിയിൽ നടത്തിയ ചടങ്ങിലാണ് ഇക്കാര്യം അറിയിച്ചത്. എൻ എസ്ഡിസി ചീഫ് എക്സിക്യൂട്ടീവ് ഓഫീസർ അലോക് കു മാർ മുഖ്യാതിഥിയായി. ടേൺ ഗ്രൂപ്പ് സിഇഒ കൃഷ്ണ രാംകുമാർ സംസാരിച്ചു.

## വൈറ്റ്മാർട്ടിൽ ഇയർ എൻഡ് സെയിൽ

**കൊച്ചി:** വൈറ്റ്മാർട്ടിൻറെ 200ൽപ്പരം ഷോറൂമുകളിൽ ഇയർ എൻഡ് സെയിൽ ആരംഭിച്ചു. സ്വർണനാണയം ഉൾപ്പടെ ഒട്ടേറെ സമ്മാനങ്ങളാണു പർച്ചേസുകൾ വഴി കസ്റ്റമേഴ്സിനെ കാത്തിരിക്കുന്നത്. ഗൃഹോപകരണങ്ങൾക്ക് കാഷ് ബാക്കും എക്സ്ചേഞ്ച് ഓഫറുകളുമുണ്ട്. ക്രെഡിറ്റ് കാർഡ് പർച്ചേസുകൾക്ക് 20 ശതമാനം വരെ ഇൻസ്റ്റൻറ് കാഷ് ബാക്കുമുണ്ട്.

## ബാങ്ക് ഓഫ് ബറോഡ ശാഖ ഇരിട്ടിയിൽ

**കണ്ണൂർ:** ഇരിട്ടിയിൽ ബാങ്ക് ഓഫ് ബറോഡയുടെ പുതിയ ശാഖ ആരംഭിച്ചു. ആർച്ച്ബിഷപ് മാർ ജോസഫ് പാംപ്ലാനി ഉദ്ഘാടനം ചെയ്തു. എടിഎം ഉദ്ഘാടനം പായം പഞ്ചായത്ത് പ്രസിഡൻറ് പി. രജനി നിർവഹിച്ചു. എറണാകുളം സോൺ ജനറൽ മാനേജർ ശ്രീജിത്ത് കൊട്ടാരത്തിൽ, കോഴിക്കോട് റീജണൽ ഹെഡ് ബി. കണ്ണൻ, ഫാ. ജോസഫ് കളരിക്കൽ, ബ്രാഞ്ച് ഹെഡ് ആൽവിൻ ജോർജ് എന്നിവർ ചടങ്ങിൽ പങ്കെടുത്തു.



# മിസിസ് കേരള 2024 കിരീടം അന്നം ജോൺപോളിന്

**കൊച്ചി:** എസ്പാനിയോ മിസിസ് കേരള 2024ൽ അന്നം ജോൺപോളിന് കിരീടം. വിദ്യ എസ് മേനോൻ ഫസ്റ്റ് റണ്ണറപ്പും അഞ്ജു അന്ന തോമസ് സെക്കന്റ് റണ്ണറപ്പും ഐശ്വര്യ സുരേന്ദ്രൻ തേർഡ് റണ്ണറപ്പുമായി. ആലുവ ഇറാം കൺവെൻഷൻ സെന്ററിലാണ് മിസിസ് കേരള 2024 അരങ്ങേറിയത്. കേരളത്തിന്റെ വിവിധ ഭാഗങ്ങളിൽ നിന്നുള്ള 27 വിവാഹിതരായ വനിതകളാണ് ഫൈനലിൽ മാറ്റുരച്ചത്. കോട്ടയം സ്വദേശിനിയായ അന്നം ജോൺപോൾ ഹിറ്റ് ചലച്ചിത്രം രോമാഞ്ചത്തിന്റെ സഹനിർമാതാവാണ്. നിർമാതാവ് ജോൺ പോളാണ് ഭർത്താവ്. ഫസ്റ്റ് റണ്ണറപ്പ് വിദ്യ എസ് മേനോൻ കൊച്ചി സ്വദേശിയും മാനേജ്മെന്റിൽ ബിരുദാനന്തര ബിരുദധാരിയുമാണ്. കൊച്ചി മെട്രോയിൽ ജോലി ചെയ്തിരുന്ന വിദ്യ ഡാൻസ് സ്കൂൾ നടത്തുന്നു. സെക്കന്റ് റണ്ണറപ്പായ അഞ്ജു അന്ന തോമസ് കോട്ടയം സ്വദേശിയും കൊച്ചിയിലെ താമസക്കാരിയുമാണ്. സിവിൽ എൻജിനിയറിംഗ് പഠിച്ച അഞ്ജു സംരംഭകയാണ്. തേർഡ് റണ്ണറപ്പായ ഐശ്വര്യ സുരേന്ദ്രൻ യൂണിവേഴ്സിറ്റി തലത്തിൽ രണ്ടു തവണ റാങ്ക് ജേത്രിയും എ ഐ എൻജിനിയറുമാണ്. 2017ലെ മിസിസ് കേരളയും സംരംഭകയുമായ സജ്ന സലീം, 2022ലെ മിസിസ് കേരള ഡോ. ശ്രീലക്ഷ്മി എം നായർ, ചലച്ചിത്ര താരങ്ങളായ അഞ്ജലി നായർ, കൈലാഷ് എന്നിവരായിരുന്നു വിധി കർത്താക്കൾ. ബെസ്റ്റ് പേഴ്സണാലിറ്റി പാർവതി ലക്ഷ്മണൻ, ബെസ്റ്റ് ക്യാറ്റ്വാക്ക് അഞ്ജു അന്ന തോമസ്, ബെസ്റ്റ് ടാലന്റ് ലാവണ്യ സന്തോഷ്, ബെസ്റ്റ് ഫോട്ടോജനിക്ക് ഐശ്വര്യ സുരേന്ദ്രൻ, ബ്യൂട്ടിഫുൾ സ്മൈൽ സൗമ്യ ശ്രീജിത്ത്, ബ്യൂട്ടിഫുൾ ബോഡി ദീപ്തി, ബ്യൂട്ടിഫുൾ സ്കിൻ ശരണ്യ എസ് നാഥ്, ബ്യൂട്ടിഫുൾ ഹെയർ തുഷാര സൗദാമിനി, ബ്യൂട്ടിഫുൾ ഐസ് ഗോപിക രാജ്, മിസിസ് വൈൽഡ്ലാഷസ് അന്നം ജോൺപോൾ, മിസിസ് കാഷ്വൽ ഐക്കൺ ഡോ. രേഷ്മ മോഹനൻ, മിസിസ് കൺജീനിയാലിറ്റി മിനി എം, മിസിസ് ഷൈനിംഗ് സ്റ്റാർ അഹന്യ അനിൽ, മിസിസ് അഡ്മെയർ പേഴ്സണാലിറ്റി ഡോ. റാണി എസ് മോഹൻ, മിസിസ് മീഡിയ അലൈവ് കലാമണ്ഡലം ഷീന നമ്പ്യാർ, മിസിസ് ഇന്റലക്ച് കൃഷ്ണപ്രിയ എന്നിവർ സബ്ടൈറ്റിലുകൾ സ്വന്തമാക്കി. ഡാലു കൃഷ്ണദാസായിരുന്നു കോറിയോഗ്രാഫർ. സജ്ന സലീമിന്റെ ആത്മകഥ ജേർണി ഓഫ് മിസിസ് കേരള ചടങ്ങിൽ പ്രകാശനം ചെയ്തു. എസ്പാനിയോ മാനേജിംഗ് ഡയറക്ടർ അൻവർ എ ടി ചടങ്ങിൽ പങ്കെടുത്തു.

# സ്റ്റാർട്ടപ്പ് മത്സരത്തിൽ വിജയം നേടി ഇന്റർവെൽ

**കൊച്ചി:** ലോകത്തെ തന്നെ ഏറ്റവും വലിയ എഡ്യുടെക് സ്റ്റാർട്ടപ്പ് മത്സരമായിട്ടുള്ള ഗ്ലോബൽ എഡ്യുടെക് സ്റ്റാർട്ടപ്പ് അവാർഡ്സിൽ തിളക്കമാർന്ന വിജയവുമായി മലയാളി സ്റ്റാർട്ടപ്പ് ഇന്റർവെൽ. ജെസ് അവാർഡ്സ് ലോകത്തെ വിവിധ രാജ്യങ്ങളിൽ നിന്ന് 60 സംരംഭങ്ങളെയാണ് 2025 ജനുവരിയിൽ ലണ്ടനിൽ വെച്ച് നടക്കുന്ന ബൂട്ക്യാമ്പിലേക്കും തുടർന്നുള്ള ഫൈനൽസിലേക്കുമായി തിരഞ്ഞെടുക്കുക. മികച്ച എഡ്ടെക് സ്റ്റാർട്ടപ്പുകളെ പ്രോത്സാഹിപ്പിക്കുന്നതിനു പുറമേ, പ്രാദേശിക എഡ്ടെക് ആവാസ വ്യവസ്ഥകൾ കെട്ടിപ്പടുക്കുന്നതിനും ബദൽ വിപണികളിലേക്കുള്ള എഡ്ടെക് നിക്ഷേപങ്ങളുടെ ഒഴുക്ക് സുഗമമാക്കുന്നതിനും ജെസ് അവാർഡ്സ് സഹായിക്കുന്നു. എഡ്ടെക് സെക്ടറിലെ ആഗോള വിപുലീകരണത്തെയും അന്താരാഷ്ട്ര സഹകരണത്തെയും പിന്തുണയ്ക്കുക എന്ന ലക്ഷ്യത്തോടെ 2014ൽ സ്ഥാപിതമായ ഈ പുരസ്കാരം, എല്ലാ എഡ്യുടെക് പങ്കാളികൾക്കും പരസ്പരം ബന്ധപെടുന്നതിനുള്ള പ്രധാന പ്ലാറ്റ്ഫോമായി അന്താരാഷ്ട്ര അംഗീകാരം നേടി കഴിഞ്ഞു.

മലപ്പുറം സ്വദേശികളായ റമീസ് അലി,ഷിബിലി, അസ്ലഹ്, സനാഫിർ, നാജിം എന്നീ സുഹൃത്തുക്കൾ ചേർന്ന് തുടങ്ങിയ എഡ്യുടെക് സ്റ്റാർട്ടപ്പ് ഇന്ന് 60 ൽ പരം രാജ്യങ്ങളിൽ വ്യക്തിഗത ട്യൂഷനുകൾ നൽകിവരുന്നു. കേന്ദ്ര ധനകാര്യ മന്ത്രി നിർമല സീതാരാമൻ പ്രശംസിച്ച ഈ സ്റ്റാർട്ടപ്പ് ഇതിനോടകം എൻവിഡിയ, ഗൂഗിൾ, മൈക്രോസോഫ്ട് എന്നീ ലോകോത്തര കമ്പനികളുടെ സ്റ്റാർട്ടപ്പ് പ്രോഗ്രാംസിൽ ഇടംപിടിക്കുകയും മറ്റനേകം നേട്ടങ്ങൾ കരസ്ഥമാക്കുകയും ചെയ്തിട്ടുണ്ട്. യു.കെ, ജർമ്മനി, ഫ്രാൻസ് പോലെയുള്ള യൂറോപ്യൻ രാജ്യങ്ങളിലേക്ക് ബിസിനസ് വ്യാപിപ്പിക്കാൻ ഈ നേട്ടം ഏറെ ഗുണം ചെയ്യുമെന്ന് ഇന്റർവെൽ സി.ഇ.ഒ റമീസ് അലി പറഞ്ഞു.

# സ്വിഗ്ഗി ഇൻസ്റ്റാമാർട്ടിന് കൊച്ചിയിൽ മികച്ച പ്രതികരണം; ചിപ്സുകളുടെ പ്രിയനഗരമായി കൊച്ചി

**കൊച്ചി:** ഫുഡ് ഡെലിവറി ആപ്പായ സ്വിഗ്ഗി അവതരിപ്പിച്ച ക്വിക്ക്കൊമേഴ്സ് സംവിധാനമായ ഇൻസ്റ്റാമാർട്ടിന് കൊച്ചിയിൽ മികച്ച പ്രതികരണം.ഹൗ ഇന്ത്യ സ്വിഗ്ഗീഡ് 2024 സ്വിഗ്ഗി ഇൻസ്റ്റാമാർട്ട് എഡിഷൻ എന്ന കമ്പനിയുടെ വാർഷിക റിപ്പോർട്ടിൽ കൊച്ചിയിലെ ഉപഭോക്താക്കളെക്കുറിച്ചുള്ള വസ്തുതകളാണുള്ളത്. ഒരു കൊച്ചി സ്വദേശി കഴിഞ്ഞ വർഷം സ്വിഗ്ഗി ഇൻസ്റ്റാമാർട്ടിലൂടെ 4000 പാക്കറ്റ് ചിപ്സ് ഓർഡർ ചെയ്തതായി റിപ്പോർട്ടിൽ പറയുന്നു. ഇതോടെ രാജ്യത്ത് ചിപ്സുകളോട് ഏറ്റവും പ്രിയമുള്ള നഗരങ്ങളിൽ ഒന്നായാണ് സ്വിഗ്ഗി ഇൻസ്റ്റാമാർട്ട് കൊച്ചിയെ വിശേഷിപ്പിക്കുന്നത്.2024ൽ രാജ്യത്തെ തന്നെ ഏറ്റവും വേഗത്തിൽ നടന്ന ഡെലിവെറികളിൽ ഒന്ന് കൊച്ചിയിലാണ്. ചുവന്ന ചീരയും നേന്ത്രപ്പഴവും പാത്രംകഴുകുന്നതിനുള്ള ജെല്ലുമാണ് ഓർഡറിൽ ഉണ്ടായിരുന്നത്. 1.1 കിലോമീറ്റർ അകലെ നിന്നെത്തിയ ആ ഓർഡർ വെറും 89 സെക്കൻഡ് കൊണ്ട് പൂർത്തിയാക്കി. കൊച്ചി നഗരത്തിൽ ഏറ്റവുമധികം ഓർഡർ ചെയ്യപ്പെട്ട സാധനങ്ങൾ പാലും സവാളയും ഞാലിപ്പൂവനും നേന്ത്രപ്പഴവും മല്ലിയിലയുമാണ്. ഒരു വ്യക്തിയിൽ നിന്ന് ഏറ്റവും മൂല്യം കൂടിയ ഓർഡർ സ്വിഗ്ഗി ഇൻസ്റ്റാമാർട്ടിന് കിട്ടിയതും കൊച്ചിയിൽ നിന്നാണ്. കൊച്ചിയിലെ ഒരു ഉപഭോക്താവ് 22,000 രൂപ വിലയുള്ള 11.66 ഗ്രാം മലബാർ വെള്ളിനാണയം ഓർഡർ ചെയ്തത്. ആഘോഷകാര്യങ്ങളിൽ കൊച്ചിക്കാർ ഒട്ടും പിന്നിലല്ലെന്ന് വ്യക്തമാക്കുന്നതാണിത്. കഴിഞ്ഞ വർഷം ഒരു ഉപഭോക്താവിൽ നിന്നും മാത്രമായി 6,18,549 രൂപയുടെ ഓർഡർ ഇൻസ്റ്റാമാർട്ടിന് ലഭിച്ചു. കൊച്ചിയിലെ ഏറ്റവും മൂല്യമേറിയ ഓർഡറായിരുന്നു ഇത്.

2021ലെ നവംബറിൽ സ്വിഗ്ഗി ഇൻസ്റ്റാമാർട്ട് കൊച്ചിയിൽ അവതരിപ്പിച്ച സമയം മുതൽ ജനങ്ങളിൽ നിന്ന് മികച്ച സ്വീകരണമാണ് കിട്ടുന്നതെന്ന് സ്വിഗ്ഗി ഇൻസ്റ്റാമാർട്ട് സിഇഒ അമിതേഷ് ജാ പറഞ്ഞു.






RNI No:KERMAL/2018/76135 Society Today Magazine-Special Issue-Private circulation, Kochi-26, 0484-3512288 , Kerala.E-mail-societytodaynews@gmail.com